# മൌക്തികമാല.

## ഒന്നാം ഭാഗം.

കോന്നിയൂർ ഗോവിന്ദപ്പിള്ള.

# മൌക്തികമാല.

## ഒന്നാംഭാഗം.

TEMPLE ENTRY PROCLAMATION *MEMORIAL LIBRARY*
KANNIMAL & AYATHIL
QUILON.

ഗ്രന്ഥകർത്താ,

കോന്നിയൂർ ഗോവിന്ദപ്പിള്ള.

---

V. V. Press, Quilon.

—:o:—

I-ാം പതിപ്പ് കാപ്പി—1000.

---

(പകർപ്പവകാശം.)

1105.

---

ഗ്രന്ഥകർത്താവിന്റെ മുദ്രയില്ലാത്ത പുസ്തകം വ്യാജനിർമ്മിതമാകുന്നു.

# അവതാരിക.

കാവ്യഗ്രന്ഥങ്ങൾ കണക്കററു പെരുകിവരുന്ന ഒരു കാലമാത്രമാണിതു്. അതിപ്രശസ്തങ്ങളായ പദാൎത്ഥങ്ങളായിരുന്നാലും അവയുടെ ബഹുലതയിൽ ദുൎഭഗഭാഗങ്ങൾ അസംഭാവ്യങ്ങളല്ല. ആ ക്രമത്തിന്, സാഹിത്യഖണ്ഡാമുഖത്തിലും ചില ചില്ലറ അപശ്രുതികൾ ഉത്ഭവിക്കുന്നുവെങ്കിൽ അതു് അത്ഭുതകരമല്ലല്ലോ. പക്ഷേ, സദസൽബോധാഭാവത്താൽ, സാഹിത്യഭക്തന്മാർ കാട്ടുകയറി കണ്ടകക്ഷതി ഏൽക്കാതെ, "കാവ്യഭാവനാപാഠപരിചയബുദ്ധി"കൾ കാത്തുകൊള്ളേണ്ടതു് ഈ അവസരത്തിലാണ്.

പ്രസ്തുത വാസ്തവജ്ഞാനത്താൽ പ്രേരിതരായിട്ടായാലും അല്ലെങ്കിലും, ആധുനികയുവകവികൾ തങ്ങളുടെ കൎമ്മപദ്ധതികൾ അനാച്ഛാദനം ചെയ്യും സന്ദർഭങ്ങളിൽ സഹൃദയാഗ്രേസരന്മാരുടെ സമ്മതിപത്രങ്ങൾകൂടി പ്രദർശിപ്പിച്ചുപോരുന്നതു് ആശ്വാസകരമാകുന്നു എന്നാൽ ഈ അഭിപ്രായപ്രകടനത്തിനും 'മൌക്തികമാല'യുടെ പുറപ്പാടിനും തമ്മിൽ ഐകരൂപ്യം ഇല്ലാതെ വന്നുപോയതു് ചില പ്രത്യേകകാരണങ്ങളാലാണ്.

വിഖ്യാതന്മാരും ആശ്രിതവത്സലന്മാരുമായ കവീശ്വരന്മാരോടോ വിമർശകന്മാരോടോ അപേക്ഷിച്ചാൽ ഈ ഗ്രന്ഥത്തിന് അതിപ്രൌഢവും അഭിമാനസംവൎദ്ധകവുമായ ഒരു അവതാരിക എഴുതിത്തന്ന് എന്നെ സഹായിക്കാതെയിരുന്നുകളമെന്ന് ഞാൻ ശങ്കിച്ചില്ല. എന്നാൽ, ആ അവതാരികയിലെ സ്തുതിഗീതാദികളാൽ കുതുകിതയാകാവുന്ന ജനത, കാവ്യാന്തൎഭാഗത്തിലേക്കു കണ്ണോടിക്കുവാൻ കരുതിപ്പോയെ

ങ്കിൽ കാൎയ്യത്തിൻെറ കലാശം കഷ്ടതരമാകുമല്ലോ എന്നു ഞാൻ ഒന്നു ഭയപ്പെട്ടുപോയി. അവതാരികയ്ക്കും ഗ്രന്ഥാന്തസ്സാരത്തിനും പരസ്പരപ്പൊരുത്തം ഇല്ലാതെ വന്നാൽ, അതു് അവതാരികാകൎത്താവിനുകൂടെ അപഖ്യാതികരമാണല്ലോ. ആ വയ്യാവേലിയിൽ തലയിടാതെ കഴിച്ചാൽ വാത്സല്യനിധികളായ ആ മാന്യന്മാരുടെ ആത്മാഭിമാനത്തെ ദൂഷിപ്പിക്കാതെയും, നിരന്തര കാൎയ്യാന്തര നിരതന്മാരായ ആ നിൎമ്മലാത്മാക്കളുടെ വിശ്രമാവസരങ്ങളെ അലംകോലപ്പെടുത്താതെയും കഴിക്കാമല്ലോ എന്നാണു് ഞാൻ കരുതിയതു്.

പിന്നീടു നോക്കാനുള്ളതു്, തന്നിമിത്തം ഗ്രന്ഥത്തിനുണ്ടാകാവുന്ന അവസ്ഥാഭേദത്തെപ്പററിയും മററുമാണു്. ഭാഷാഭിമാനികളായ കേരളീയരിൽ അധികംപേരും കൎത്താവിനെയറിഞ്ഞു കാവ്യം വായിക്കുന്നവരാണെന്നും, ഞാൻ സാഹിത്യനഭോമണ്ഡലത്തിലെ ജ്യോതിഷ്പുഞ്ജങ്ങളോടു സമീപിക്കാറായിട്ടുള്ളവനല്ലെന്നും എനിക്കറിവുണ്ടു്. ആ സ്ഥിതിക്കു് അഭിരൂപപരിഷൽസമയാപഹരണക്കുററത്തിനു് തീൎച്ചയായും ഞാൻ ശിക്ഷിക്കപ്പെടേണ്ടിവരികയില്ല. പക്ഷെ അവരിൽ ചുരുക്കംപേരെങ്കിലും ഗ്രന്ഥത്തിൻെറ പുറംകടലാസ്സു നോക്കുന്നവരായിട്ടുണ്ടാകുമെന്നാണു് എൻെറ വിശ്വാസം. ആ വഴി, സാൎത്ഥഫലയായ കീൎത്തി, ഉദാസീനയായിട്ടെങ്കിലും ഈ ഭക്തനെ കടാക്ഷിക്കുമെങ്കിൽ അതുമതി; ധാരാളം മതി.

ഈ പടികളെല്ലാം കടന്നു് വല്ല നിൎബ്ബന്ധബുദ്ധികളും ഈ പുസ്തകാന്തഃപരിശോധനയ്ക്കു തയ്യാറാകുന്നവെങ്കിൽ അവിടെ, സമ്മതിപത്രമുണ്ടെങ്കിലും ഇല്ലെങ്കിലും ഫലം ഒന്നുതന്നെയെന്നു് എനിക്കനുഭവപ്പെട്ടിട്ടുണ്ടു്. ഇതെല്ലാംകൊണ്ടും, കുറിക്കുന്നതിനു സമയവും അടിക്കുന്നതിനു പണവും ചെലവുചെയ്ത ഞാൻതന്നെ, ഭക്തിബഹുമാനപൂൎവ്വം ഈ മൌക്തികമാലയെ മഹാജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

ഇനി ഇതിനു നൽകിയ നാമധേയത്തെക്കുറിച്ചും എനിക്കു രണ്ടുവാക്കു പറയേണ്ടതായിട്ടുണ്ട്. മാധ്വീകദ്രവ സഹോദരങ്ങളായ അഭിധാനങ്ങൾ ഒട്ടുവളരെ എന്റെ ചിന്തയിൽ പെട്ടുവെങ്കിലും അവയെല്ലാം കൈയ്‌വശാവകാശികൾ ഉള്ളതായി കണ്ടും കേട്ടും മുഷിഞ്ഞു തിരിഞ്ഞു് കടശിയിലാണു് 'മൌക്തികമാല'യിലേക്കു് കടന്നുകൂടിയതു്. ഇതിനും അവകാശികളുണ്ടായിക്കഴിഞ്ഞുവെങ്കിൽ, മനസ്സറിയാതെ പററിയ അപരാധത്തെ അവർ പൊറുത്തുകൊള്ളുമാറാകട്ടെ. തങ്ങളുടെ വാത്സല്യമുള്ള സന്താനങ്ങൾക്കു നാമകരണംചെയ്യുന്നതു് തത്തൽ ഗുണദർശനം ഹേതുവായിട്ടല്ലെന്നറിവുള്ള സഹൃദയവിമർശകന്മാർ എന്നോടു ദയാപൂർവ്വം പെരുമാറുമെന്നു് ഞാൻ വിശ്വസിച്ചുകൊള്ളട്ടെ.

ഇതിലെ ലേഖനങ്ങളിൽ അധികവും മാസികകളിലും മററും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളവയാണു്. ഇതുകളൊന്നിച്ചുചേർത്തു് ഈമാതിരി പുസ്തകരൂപത്തിലാക്കേണ്ടതിനു് ദീർഘകാലമായി എന്നെ പ്രേരിപ്പിച്ചുപോന്ന മാന്യസ്നേഹിതന്മാരോടും, എത്രയും കുറഞ്ഞകാലത്തിനിടയ്ക്കു് ഇത്രയും ഭംഗിയായവിധത്തിൽ ഇതിന്റെ മുദ്രണം നിർവ്വഹിച്ചുതന്ന കൊല്ലം 'വിദ്യാഭിവർദ്ധിനി' മുദ്രാലയ പ്രവർത്തകന്മാരോടും എനിക്കുള്ള കൃതജ്ഞതയെ ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

എന്നു്, ഗ്രന്ഥകർത്താവു്.

---

TEMPLE ENTRY PROCLAMATION
KANNIMAL & AYATHIL
QUILON.
*MEMORIAL LIBRARY*

ശ്രീ.

# മൌക്തികമാല.

---

## ഈശ്വരപ്രാൎത്ഥന.

(കേക.)

ഉദ്യമിപ്പവൎക്കെന്നു മൂൽഗതി സ്വരൂപമായ്
വിശ്വസിപ്പവൎക്കു ശ്രാന്താശ്വാസ പദവിയായ്
ധൎമ്മതല്പരന്മാൎക്കു സംതൃപ്തി സാധനമായ്
നിൎമ്മലകൎമ്മികൾക്കു സൽഫല പ്രകാശമായ്, ൧

വിശ്വതത്വാന്വേഷിക്കു വിശ്രുതവിജ്ഞാനമായ്
വിഗതബോധന്മാൎക്കു വിഷമ വിഭ്രാന്തിയായ്
യോഗതല്പരന്മാൎക്കു സംസാര കുഠാരമായ്
ഭോഗതല്പരന്മാൎക്കു ദുരിതദുസ്സ്വപ്നമായ് ൨

സന്ന്യാസവൃത്തികൾക്കു നിഷ്കാമ കവചമായ്
സമതാമതികൾക്കു സംപൂൎണ്ണകിരണമായ്
മദ്യപന്മാൎക്കു മദവിഭ്രമ വികൃതിയായ്
മാത്സൎയ്യ വിഹീനന്നു നിർഭയസരണിയായ്, ൩

കോപശീലന്നു പശ്ചാത്താപ ദാവാനലനായ്
ദ്രോഹവൃത്തികൾക്കതി ദുസ്സഹ ദുരാപത്തായ്
വഞ്ചനംനിനപ്പോന്നു നെഞ്ചിന്നു ചുട്ടകോലായ്
കുഞ്ചിതഗതികൾക്കു ഘോര വൈതരണിയായ് ൪

സൽകവീന്ദ്രന്മ സന്തതാമോദാസമായി
സകലജന്തുക്കൾക്കുംസൽപ്രാണ പ്രദീപമായ്
നിഖിലസ്വരൂപിയായ് നിത്യമുല്ലസിച്ചിട്ടും
നിഭൃതപ്രകാശമേ! ദൈവമേ! നമസ്കാരം. ൩

മൂർത്തികൾമൂന്നും നിൻെറ സങ്കല്പഭേദങ്ങൾതാൻ
മൂർത്തിനീ യല്ലാതില്ലമൂർത്തിയോ നിനക്കില്ല
കരുത്തുകൂട്ടും നിൻെറ രഹസ്യപ്പണികൾതൻ
കണക്കുകണ്ടോനില്ല കാംക്ഷയില്ലെനിക്കതിൽ. ൪

വിളിയ്ക്കൂവിളിയ്ക്കൂനിൻ സന്താനമനോരഥം
തെളിയ്ക്കൂതെളിയ്ക്കൂ നീ ചൈതന്യനിദാനമേ
വിളിയ്ക്കൂവിളിയ്ക്കൂനിൻ സന്താനമനോരഥം
തെളിയ്ക്കൂതെളിയ്ക്കൂനീ ചൈതന്യനിദാനമേ. ൫

—:*:—

## ചിത്രാഭിഷേകം.

—:*:—

(കേ ക.)

കാരണപൂരുഷനാം കഞ്ജനാഭൻെറ നവ്യ-
കാരുണ്യവാപിപെററ കനക സരോജമേ!

കർമ്മയോഗിയായ് കാലംചെയ്ത മാതുലമൂല-
ധർമ്മരാജർഷിനോററ തയസ്സിൻ ഫലസ്വത്തേ!

കേവലം പ്രജാവലി, ചിരമീശ്വരപാദം
സേവചെയ്തതിൻ സാധു ചൈതന്യനടനമേ!

അണിമംഗളാത്മിക, വഞ്ചിഭൂ പുരന്ധ്രിയാൾ
അണിയും ചൂത്താലിതൻ പൊൻതിരുക്കാണിപ്പൂൺപേ

ചേലെഴും സുസാധിതീ സാവ്വഭൌമിതൻ ചെങ്കോൽ-
ച്ചേവുകക്കഴൽക്കടൽക്കല്ലകച്ചങ്ങാടമേ!

വരസംഗീതവിദ്യാ വാരിജമലർമാല
വരളാതെളിരുഷിതേകും ചെങ്കതിരോനേ!

കലകളെല്ലാം കലിതാദരമിനിമേൽ നി-
ഷ്കലഹം വാഴേണ്ടുന്ന നന്മണിവെൺമാടമേ!

നേരിയകുവലയ ക്കുമ്പിവൻപൊലിവെഴും
വാരിളംകുളിരൊളി പെയ്യുമമ്പിളിത്തയ്യേ!

സ്വാഗതംപറയുന്ന സാമ്രാജ്യസിംഹാസനം
ഭാഗധേയാബ്ധേ! തവ; വഞ്ചിഭൂസീമന്തിനി

ഭാവ്യനുഭവചിന്താസംജാതസാത്വികയായ്
ഭാർഗ്ഗവ പ്രിയപുത്രി പുഞ്ചിരി ചൊരിയുന്ന

അക്ഷയലസൽ ചിത്രാനക്ഷത്രജ ക്ഷ്മാതല
രക്ഷക! തിരുമേനി യിക്ഷിതിയിനി നീണാൾ

രക്ഷചെയ്യുരുകലാദക്ഷനായ് വിജയിപ്പാൻ
പക്ഷിവാഹന കൃപാവീക്ഷണമവലംബം.

—:*:—

## രാമാനുജനെഴുത്തച്ഛൻ.

---

(നതോന്നത.)

അടയിരുന്നഖിലാണ്ഡ കടാഹകോടികൾ കൊത്തി-
യഴിച്ച ചിൽപെരുംപിട കളിച്ച രംഗം,

അകച്ചക്കി "ലാറും നാലും" അടച്ചാട്ടിയവനിയാൾ-
ക്കരിഞ്ഞൊന്നതെളിനെലം തളിച്ച ധന്യൻ,

ശുദ്ധ സൂക്ഷ്മ ബ്രഹ്മരന്ധ്രസംഭ്രമണത്തിനാൽ സ്വയം
ബുദ്ധനായി പ്രകാശിച്ച പരമഹംസൻ,

പാവന രാജസധ്വജമൂർദ്ധ്നി മുത്തൊളി വീശി-
പ്പാറിയ സാത്വികപ്പൊന്നുംകൊടി പ്രകാണ്ഡം,

മഹിതവേദാന്ത ചിന്താമധുപാന ലഹരിയാൽ
മതിമലർ മയങ്ങിയ മഹർഷിഭൃംഗം,

സുവലിതമലയാള സുകുമാര ഭാരതിയ്ക്കു
സുവർണ്ണചൈത്യം ചമച്ച സുധീന്ദ്രശില്പി,

സച്ചിദാത്മസ്വരൂപയാം തത്തയെക്കൊണ്ടൊരുതാത്തേൻ
സത്ര്യസ്സദിർ നടത്തിച്ച സമഗ്രസത്വൻ,

കല്യമോക്ഷമാർഗ്ഗ ബോധമാധുരി കലർന്ന കള-
കാകളിത്തേൻമഴപെയ്ത കല്യാണമേഘം,

അദ്ധ്യകേകാരവംകൊണ്ടു കേരളവാങ്മലർ വാടി-
ക്കാഭിരാമ്യാർപ്പണം ചെയ്തോരാൺമയിൽപ്രൌഢൻ,

കളകാഞ്ചി കളകളം കിളരവേ കൈരളിയാം
കലാവതീകന്യകയെ കളിയാടിച്ചോൻ

ഉരചിന്നുംവിധ "മിഹപര" ബന്ധനിയമാദി-
പ്പൊരുൾപൊന്നും ഹരിനാമപ്രബന്ധനത്താൽ

പ്രശസ്താത്മ യോഗസിദ്ധിസ്ഥിതി പാരമ്യമിപ്പാരിൽ
പ്രസിദ്ധമാക്കിയ ജന്മ പ്രബുദ്ധഭക്തൻ

നിയതമാ നട്ടനാഡീ നടമാട്ടമററു സൂക്ഷ്മ-
നിലയാറും കടന്നോരു നിശ്ചലധാമം

സമിദ്ധമാമേകാദശസ്കന്ധ ചിന്താരത്നാകരം
ചമച്ച സഗരാപത്യ സമപ്രഭാവൻ.

തഞ്ചത്തിലഖിലകവികുല കുശല കല്പക-
ത്തുഞ്ചത്തു തിളങ്ങിയോരു ഗുരുപ്രസൂനം

പുഞ്ചിരിപ്പുലർമരീചി പൊഴിച്ചു പൊന്മയരഥ-
മഞ്ചിതമാക്കുന്നു വാനിലമരവന്ദ്യൻ.

പരിണത പ്രണയപ്പാൽക്കടൽ മിഴിക്കടകളീ-
* ഷ്പരിഷത്തിലത്രേ ചേർപ്പൂ, പരചിദ്രൂപൻ.

അതിലങ്ങേപ്പുറമെന്തോന്നമലഭാവുകം നമു-
ക്കവനിയിൽ ഭവിക്കേണ്ടതഭിരൂപരേ!

ആ മഹാനുഭാവപാദപാംസു ലേശഭാവനം, നി-
രാമയഭവ്യമീ നമ്മിൽ വളർത്തീടട്ടേ.

---

## താപമേവഭർത്താ.

---

പൂത്തു പുളകമൊടങ്കവാൽ കുലുക്കി-
ക്കുതുകമൊടക്കുളിർച്ചുണ്ടലം പിളർത്തി
മലർ മസൃണ മണിക്കഴുത്തു നീട്ടി-
ക്കളമധുര ശ്രുതിയും കണക്കിൽമീട്ടി, ൧

പുരികലതകൾ, പൂക്കളൊത്തുയർത്തി-
ഷ്പുരിസരഭ്രു പരിശോഭയാൽ പുലർത്തി
അരിയ ചുറുചുറുപ്പൊടാരെ നീ, നി-
ന്നരികിൽവിളിക്കുവതാൺപിറന്നകോഴി? (യുഗ്മകം) ൨

മുറുകെ മുട്ടലമെയ്യുലച്ചു കുപ്പ-
ക്കുറുമൽ ചികഞ്ഞു പുറത്തെടുത്ത ഭോജ്യം

ചെറുതുമിഹ ഭുജിപ്പതില്ല; നീ നിൻ
ചെറുമിയെനോക്കി മിഴിച്ചു നിൽക്കയാവാം. ന൨

ചിറകുടലൊടൊതുക്കി വാലടക്കി-
ത്തറതൊട്ടമാറു കഴുത്തു താഴ്ത്തി നീട്ടി
തിറമൊടവൾ വിനീത, തുമ്പിപോലാ-
ച്ചിറവഴി പാഞ്ഞുവരുന്നു; പാർത്തുവോ? നീ. ര

കൃശതരമുഖ മുജ്ജ്വദൃശ്യയാനം
ഭൃശവിപുലം ജഘനം ഗുണോന്നതത്വം
ഇവപെട്ടമിവൾ, നിൻ്റെ നേക്കു, ചേതോ-
ഭവനരിശത്തൊടയച്ചൊരസ്ത്രമാവാം. ൡ

"പതി സപദിതരുന്നൊരല്പഭക്ഷ്യം
മതി; യിതരങ്ങൾ തൃണങ്ങൾ" എന്നു തള്ളി
സതി, സമധികഭോജ്യവസ്തു മല്ല്യ-
സ്ഥിതി മതിശാലിനിയാൾ മറുത്തുപോന്നു. ൨൦

സുചിരമതിധനങ്ങളുൾ സുഖത്തി-
ന്നുചിതതമങ്ങൾ കുമിഞ്ഞു കൂടിയാലും
രുചിര രമണദത്തമത്രമാത്രം
രുചികരമാമടവാക്കു മിക്കവാറും. ൨

വിതതവികചപത്രനായ് സ്സ്വചേതോ
ഹിതമൊടവൾക്കതു ദത്തമത്രനിന്നാൽ
അതനമഹിതശീല! നിൻ ശുഭത്വാ-
ഗിത ഗുണപാഠമിതി ക്ഷിതിക്കതെന്തും. ച

പ്രതികളിലുമദൃശ്യമാന്നു നീ നിർ-
വൃതി ദൃഢമാൺപറവേ! നിതാന്തമിപ്പോൾ
അതി സുകൃതി ഭവാൻ; പരാല്പ്യദാതൃ-
സ്ഥിതിയിതലംകൃത മുഖ്യമുക്തിസൌഖ്യം. ൻ

അനാഘഹൃദയതൃപ്തി ദീപ്തിയാലി-
ല്ലനശനപീഡ ഭവദപുസ്സിനേതും
അനുഭവമിതു ദൈവദത്തമോർത്താ-
ലനുപമ മഗ്രിമയോഗ്യയോഗിഗമ്യം. ൧൯

സുപരിചിതനയേ ഭവാൻ ജഗത്തി-
ന്നുപരിവിചിന്തനമെന്തിനിന്നരമ്യം;
അപരുഷ വപുഷാലസിക്ക, മൂർഖ-
ശപച പരശദ ബാധയെന്നിയേ നീ. ൨൦

---

## ശ്രീവഞ്ചിദേവി.

---

(പാന.)

അമരിമാർ കേളിപാടിക്കളിക്കവേ
അമരവല്ലികൾ പൂക്കൾ പൊഴിക്കവേ
പൂകൾ മണം പുരണ്ടാശ പുലരവേ
പുതുമയിൽ ഭ്രുതി, പൂപ്പടവാരവേ.
പെരുമപേശും പ്രബോധം പൊലിയവേ
പ്രകൃതിപേർത്തു മഭേദ മലിയവേ
ഉറുതിയൊത്തുലകുന്നമിച്ചീടവേ
കരുതിയററു കുലം പുലന്നീടവേ
ലളിതകാന്തികോത്രങ്ങൾ കൊണ്ടാടവേ
പ്രഥിതപൂരാട മമ്മാന മാടവേ
ഉപരിജാതിക ളുറേറാരെ നോക്കവേ
ഉയിർതണുത്തന്തരാളം തളിക്കവേ.
സുഭഗസാഹിതി യാശി സ്സുരയ്ക്കവേ
സുരഭി പൂവാടയാട്ടി ച്ചുരത്തവേ

അഴകി ലൂഴിയ നൃത്തൊലിലാടവേ
അരുണനന്നമ്മ ശോഭമുയരവേ.
അവനിഭർത്രിയാം ശ്രീ ലക്ഷ്മീരാജ്ഞിത-
നാമൃത ജന്മർക്ഷ മുദഷ്ഷ ലാളിതം
അവതരിപ്പിതു മുപ്പത്തിനാലാമ-
ത്,വികല ശ്രീ ഭരസ്വീകൃതസ്വമായ്.
തിരുമനസ്സു കൊണ്ടുല്ലാഘയായ് ചിരം
തിരുവിതാം കോടി ലുല്ലസിച്ചീട്ടുവാൻ
തിരുമലർപ്പെൺ പതിത്തമ്പുരാൻ തൻെറ
തിരുമിഴിത്തലത്തു മലർ തൂകണം.

---

## ബുധന്മാരുടെ മതം.

---

### (അഥവാ ശബരി.)

(കേക.)

നോക്കുക; ദൂരെക്കാണും കാട്ടിലാമരത്തിൻെറ
നേക്കതാ കറുത്തിരു ണ്ടൊന്നുണ്ടു മറയുന്നു.
നീക്കരുതാരും നിങ്ങ ളക്ഷികളലക്ഷ്യമായ്,
നീക്കമില്ലതെന്തൊരു സത്വമെന്നറിയണം. ൧

കൂട്ടമേ കുന്നിക്കുരു മാലകൾ കഴുത്തില-
ങ്ങട്ടിയായണിഞ്ഞിട്ടുണ്ടാരിവളൊരു നാരി?
കാട്ടിലച്ചില്ലി, നാരിൽ കോത്തിരുമടക്കിട്ടു
കോട്ടമററിവളര മറച്ചിട്ടുണ്ടു ചുററും. ൨

ഓടൽക്കായ് കൊഴുപ്പിട്ടു മാടിയ കുഴൽകെട്ടും
കോടക്കാർ നിരതോററു തുള്ളിട്ട തൂമെയ്മട്ടും

കാതിലെ; ച്ചെറുചൂരൽ ച്ചുരുളും, പിന്നിച്ചേർത്ത,
കാലിലെക്കാട്ടുവള്ളിത്തളയും കണ്ടാൽ ചന്തം!! ൩

വേടനാരിയാണിവൾ; എന്തിനാ മരത്തിന്റെ
വേടിന്റ പരമമ്പരപ്പാണ്ടു മറയുന്നു?
ക്രൂരത്വം കലരുന്ന കാട്ടുജന്തുക്കളൊന്നും
ചാരത്തു കാണ്മാനില്ല; ജാത്യാതാനിവൾ തെല്ലും, ൪

ഭീരുത്വ മുള്ളോളല്ല പിന്നെന്തിനാവാം? തത്ര
ദൂരത്തു പരിഭ്രാന്തി ഭാരത്തോടോടിപ്പാഞ്ഞു?
അല്ലല്ല!! കുളിർകോരി ത്തള്ളുന്ന ശരീരത്തിൽ
തെല്ലിടവലംമാറി നോക്കുവിനാരെക്കാൺമൂ!! ൫

ചുരുണ്ടു ചൂരൽപ്പുഴക്കലപോൽ നീണ്ടു മണ്ണിൽ
പുരണ്ടു പൊടിതൂക്കും കോടീര പടലവും
ആനന്ദമെഴുകിട്ടു മിന്നത്ത മിഴികളും
ആനനാംബുജശാന്ത ഗംഭീരപ്രകാശവും. ൬

ഭാസമാനമാം മരവുരിയും മഹിതയോ-
ശാസനാദികളുടെ സാധനാചിഹ്നങ്ങളും
ആർദ്രതാപര മന്ദഹാസവും പ്രണവോക്തി-
മാധ്വീയിലാറാട്ടുന്നോരധര പ്രവാളവും. ൭

അതപാദികൾ, നേർത്തു പിന്മാറിനിറംപെററ
ശീതളഹേമപ്രഭ ചിന്തീടും ശരീരവും
സാവധാനമാം കഴൽക്കമല വിന്യാസവും
ഭാവന ചെയ്താൽ പോരും പാപങ്ങളകലുവാൻ; ൮

സുപ്രഭാതസ്നാനാർത്ഥ മെഴുന്നള്ളീടുന്നിതു
സുപ്രസിദ്ധനാം മുനി മതംഗൻ മഹാശയൻ

നിഷ്കാമനാമിസ്സിദ്ധ യോഗിയെക്കണ്ടാണവൾ
നിഷ്ക്രമിച്ചതു പരിഭ്രാന്തയായതി ദൂരം. ൯

താപസവരൻ കണ്ടാൽ കോപമാനസനായി
ശ്ശാപമേകീടുമെന്നോ പാവം നീ കരുതുന്നു?
തെററിനിൻ മനോഗതി ചെററില്ല പൊരുളതിൽ;
പററില്ല പരമാത്ഥ വേദികൾക്കുള്ളിൽ ദ്വേഷം. ൧൦

പിൻതിരിയുന്നീലിവൾ; മാഴ്കിയ മിഴികൊണ്ടു
ബന്ധുര മുനിവപു സ്സെന്തിനു നുകരുന്നു?
പന്തിയാണിവളുടെ ചിന്തയാ മുനികടെ
പന്തിയിൽ തലതെല്ലു പൊന്തിനിൽക്കണമെന്നാം. ൧൧

കാട്ടുജന്തുവെപ്പോലെ കന്ദങ്ങൾ കാന്നു,മര
ച്ചോട്ടിലെങ്ങാനും മരവിച്ചുനാൾ കഴിച്ചൊരു
വേട്ടുവപ്പെണ്ണാളിനു സൽഭക്തി പാരവശ്യം
കാട്ടുന്ന കഥയെത്ര പെട്ടെന്നു പകർന്നുപോയ്. ൧൨

മാമുനി പോയിക്കഴിഞ്ഞെങ്കിലും മിഴികളീ-
മാനിനി പിൻതിരിപ്പാൻ ഭാവമില്ലെന്തത്ഭുതം;
ചേഷ്ടയില്ലിവൾക്കേതും; ചേതനാഗുണം മുനി-
ശ്രേഷ്ഠനോടൊത്തു ശുദ്ധ നീരാട്ടു കഴിക്കയാം. ൧൩

അവ്വഴി, നിജവൽക്കലൊന്തനീർക്കണങ്ങളാൽ
പാവനതരമാക്കിബ് ഭാസുരകളേബരൻ
ഹാ! വരുന്നിതു മുനിപിന്നെയും; കരുന്താളി-
പ്പാവപോലവൾ അതാ നിൽക്കുന്നു മുന്നെപ്പോലെ. ൧൪

"കണ്ടുവോ കാലംദോഷംകൊണ്ടുതന്ത്രുവടി
തീണ്ടുമോ, തിരിഞ്ഞെന്നെനോക്കുമോ, ശപിക്കുമോ"

അജ്ഞയാമവളേവം വ്യാകുലപ്പെട്ടു, ദൃഢ-
പ്രജ്ഞനാം മുനീന്ദ്രനും പോയ് മറഞ്ഞിതു മന്ദം. ൧൫

തെല്ലുമില്ലവൾക്കാശ പോകുവാൻ, മധുവുണ്ടു
വല്ലാതെ മയങ്ങിയ വന്നഭൃംഗിയെപ്പോലെ
തെല്ലിട കറങ്ങിയങ്ങിങ്ങു; താനറിയാതെ
തല്ലിനാൾ തല; അവൾ തള്ളിനാൾ പലതേവം. ൧൬

കൃത്യമായ്ക്കീച്ചാനലച്ചാലുടനെഴുന്നേൽക്കും
തുഞ്ചനന്നാക്കും വഴി, മാമുനിവരും മുമ്പേ
എത്തിനോക്കിടും ദൂരെ മറവിൽ പോയ് നിന്നവൾ
എത്രയും ഭയഭക്തിചിത്തയായനുദിനം. ൧൭

കാണരുതെന്നും തന്നെ മാമുനി; മുനീന്ദ്രനെ-
ക്കാണണമെന്നും കാംക്ഷ, കാറണിമേനിക്കുള്ളിൽ;
കാണിയുമവളന്യകാര്യങ്ങളറിവീല;
കാണുന്നു കരടിലും കാമിനി മുനിരൂപം. ൧൮

പേടിച്ചുവിറച്ചവൾ പാതിരാത്രിയിൽ, മുനി-
വാടത്തിൽ പ്രവേശിച്ചു, പതുക്കെ, മുററമെല്ലാം
വേടത്തിവെടിപ്പാക്കി വെമ്പലോടോട്ടും തന്റെ
മാടത്തിനകത്തേക്കു മാസത്തിലേതാർ ദിനം. ൧൯

ഞൊടിയുന്നീലാരോ മാർജ്ജനം ചെയ്വൂ, രാവ്വു
രാമാനമുടജാങ്കണങ്ങളും നടക്കാവും
ധ്യാനശീലനാം മുനിമുഖ്യനിങ്ങനെ നിജ
മാനസത്തിങ്കലോർത്തു കല്പിച്ചു കരണീയം. ൨൦

രാത്രിയിലൊരേടത്തു പർണ്ണശാലയിലന്നു
കാത്തിരുന്നിതു നിദ്രയെന്നിയേ ജിതേന്ദ്രിയൻ

സ്വാത്മതകലരാത്തകർമ്മമേ! കരളുഴി-
ച്ചാസ്ഥയുണ്ടാക്കുന്നു നീ യസംഗന്മാർക്കുപോലും. ൧൭

കുന്ദാദിലതാകുല മറവിൽക്കൂടെ മന്ദം
കുന്നാക്കുന്നിരുളിൻെറ കുറുംകൂന്തലുപോലെ
കുന്നായ്മകാണിപ്പതിന്നെത്തിട്ടംപടിയവൾ
പിന്നാഞ്ഞും പതുങ്ങിയും കടന്നാളുടജത്തിൽ. ൨൧

മാന്ത്രികനുടെ മുമ്പിൽ പിണിയാളെന്നപോലെ
മാന്തളിരെന്നപോലെ മാമരത്തിനുമുമ്പിൽ
സ്വാന്തഭീതിയാലുടൽ തുള്ളിയാടിനാൾ പരി
ഭ്രാന്തയായ്യഷിതന്നെക്കാൺകയാലബലയാൾ. ൨൩

"അടിയൻപിഴച്ചുപോയ് തമ്പുരാക്കളേ! തീണ്ടി
മുടിവാക്കിയേമലയടിയാക്കിടാത്തിയാൾ
അറിയാത്തവൾ നന്മതിന്മകൾ; തിരുമന-
മറിശപ്പെട്ടുശാപമരുളിച്ചെയ്യായ്കെന്നിൽ. ൨൪

കരുണാകുലസ്വരനരുളിച്ചെയ്തു; "വത്സേ!
ശരണാഗതജന വാത്സല്യവിഭവൻഞാൻ
പരമാത്മങ്ങളെല്ലാമെന്നോടു പറകനീ
പരമാത്തയായേവം പതറായ്കെടോവൃഥാ. ൨൫

ശ്രേഷ്ഠതജാതിക്കല്ല, കർമ്മത്തിനത്രേ, മൂഢ-
ചേഷ്ടകൾകാണിക്കായ്ക; മകളേ പേടിക്കായ്ക
കേട്ടുനീപറഞ്ഞതു; തീണ്ടലോനിന?ക്കേതൊ-
രേട്ടിൽനിന്നിതുവശമാക്കിനീ ശാന്തം!പാപം. ൨൬

ഒന്നിൻെറനിഴലാട്ടമുള്ളിലേവർക്കുമുള്ള-
തൊന്നുമില്ലിഹമെച്ചം മറെറാന്നിലൂടൽതുച്ഛം

ഹൈന്ദവസനാതന ധർമ്മസിദ്ധാന്തമിതിൽ
ഭിന്നദർശനനല്ലനിൻമുമ്പിൽനിൽക്കുന്നഞാൻ. ൧൭

ആ യമിയുടെ തങ്കവായ്മലർതുളുമ്പി നി-
ർമ്മായമായൊഴുകിയ വാങ്മധു നുകൎന്നുടൻ
മെയ്യുലർവിറയലൊട്ടടങ്ങി, മലയപ്പെൺ
തയ്യലാളഥ ധൃതധൈൎയ്യയായുരചെയ്തു. ൧൮

"തൃക്കഴൽത്തളിരിണ നിത്യമാരാധിക്കണം
വല്ക്കലമുടുക്കണം ജടയാക്കണംമുടി
സൽക്കഥാരസമാസ്വാദിക്കണമടിയനു
നൽകൃപാനിധേ! മററില്ലാഗ്രഹംമഹാമതേ. ൧൯

പ്രീതനായ് സ്വശിഷ്യയായ് ശാന്തയാം ശബരിയെ
വീതസന്ദേഹം സ്വീകരിച്ചിതു യതീശ്വരൻ
"ജാതിനാമാദിക്കല്ലപാൎക്കിൽഗുണാഗണ
ഭേദമെന്നത്രേ ബുധന്മാരുടെ മതം ദൃഢം." ൨൦

കുപ്പയിൽപൂതഞ്ഞെത്രകാലം നീകിടന്നുപോയ്
നിഷ്പ്രഭമേറിയാതെ നിസ്തുലനറുമുത്തേ
എത്തിനീയൊരു ദിവ്യവൎത്തകകരത്തിലി-
ന്നെത്തിടും നൃപകിരീടത്തിലുമൊരുകാലം. ൨൧

---

## ഏററവും ഇറക്കവും.

പ്രബുദ്ധമല്ല നീ തെല്ലും
സലജ്ജം തലതാഴ്ത്തുക
വൃഥാഭിമാനിതയ്ക്കുണ്ടോ
വില? ഹാ! നരലോകമേ. ൧

ഏതെത്തുവഴി യെന്നൊന്നു
നീപാരമുയരുന്നുവോ?
അധഃപതിപ്പൂ നീയന്ന-
ന്നതാതിൻ വേർപശംവഴി. ൨

പ്രതിഷ്ഠിക്കും പ്രതിക്ഷേത്രം
പ്രസിദ്ധംദേവവിഗ്രഹം,
അവിടംതാൻ നിനക്കാട്ട-
കോഴിക്കുട്ടക്കൊലക്കളം. ൩

സർവ്വാന്തൎയ്യാമിയായാത്മ-
ദൈവത്തെക്കണ്ടിടുന്നനീ
അടിയാരെന്നുചൊന്നാട്ടി-
യകററും മററുമർത്ത്യരെ. ൪

പറയുംനീ പരപ്രേമ-
പരശീതവചസ്സുകൾ;
തിരിഞ്ഞുമാറിത്തീവാരി-
യെറിയും സഹജീവിയിൽ. ൫

കൃത്രിമാഹാര സാമഗ്രി
സൃഷ്ടിയാൽനീ സഞ്ജീവിതം

സ്വൎഗ്ഗമാക്കീട്ടനാരോഗ്യ-
രൌരവത്തീ ഭുജിച്ചിടും. ൩൰

നോററിരിക്കും വ്രതം നീണ്ണാൾ;
നിർദ്ദയം നീ, മൃഗങ്ങളെ
കടിച്ചു കൊന്നിട്ടാ നോമ്പു
കാലം കൂട്ടും ഹ! കൎക്കശം!

ഉൽഗമിക്കുന്ന തെല്പ്പോഴൽ-
കൃഷ്ടവിദ്യാ വിഭാസ്വിയായ്
ഉഴലും പാഴ്പ്പെരും പഞ്ഞ-
ക്കുഴിയിൽപെട്ടു നീ തദാ.

പറക്കും വ്യോമ മാൎഗ്ഗത്തിൽ
പക്ഷിപോൽ നീ പരിഷ്കൃതൻ;
പതിക്കും പാററകൾക്കൊപ്പം
അകാലമൃതി വഹ്നിയിൽ.

കുജാദി ഗ്രഹസംഘാത
കവാടത്താഴ് തിരക്കുവോൻ
പ്രാണപക്ഷി പുറം പായും
വാതൽ കാൺമീല നീലവം.

പ്രബുദ്ധമല്ല നീ തെല്ലും
സലജ്ജംതലതാഴ്ത്തുക;
വൃഥാഭിമാനിതയ്ക്കുണ്ടോ
വില? ഹാ! നരലോകമേ.

---

# സഹധർമ്മിണി.

---

(കേക)

ഇളവററിരുളാട്ടം ഇടുക്കുവഴികളിൽ
ഇളമാൻ കളികാട്ടും കൺകെട്ടു കലാവെട്ടം, ൧

വനകണ്ടക മരക്കൊമ്പേറി വിഹരിക്കും
മനമാം മർക്കടത്തിൻ മെയ്പൂട്ടും മണിത്തുടൽ. ൨

മറിയും കാലചക്ര നാഭിയിൽ നിഴലിട്ടു-
മറയും മർത്ത്യധർമ്മ മറിയുമാത്മോദയം. ൩

താമിസ്രക്കടലല മാലകളലമ്പിപ്പോം
പ്രേമപ്പൊൻകൊടിചൂടും പേശലമലരോടം. ൪

തീക്കനലുന്നും നിദാഘാഖ്യമാം രക്ഷസ്സിന്റെ
വായ്ക്കകംവാർതിങ്കൾ നീർകാട്ടിടുംമായാതന്ത്രം. ൫

പുരമന്ദിരസുഖസാധക സമ്പൽക്ഷേത്രം
പുരുഷപൂർവ്വപുണ്യപൂരത്തിൻ പുതുനൃത്തം. ൬

പുമർത്ഥപ്രദായകം കളത്രം ഘനസ്നേഹ
സമഗ്രമധുകുംഭം ചുമക്കും സുമാചലം. ൭

ജയിപ്പൂതാക!! സൃഷ്ടിപാലനകലാലോലം
ജയിപ്പൂതാക!! ദൃഷ്ടിഗോചരകൃപാദീപം. ൮

---

## * ഒരുൽബോധനം.

ഉഡുവൃന്ദങ്ങളേ നിങ്ങ-
ളുണരന്നൊന്നുററു നോക്കുവിൻ
ഉദിപ്പൂ വെൺപാൽപെരുമീ-
നുറക്കം പന്തിയല്ലിനി. ൧

വിലയില്ലാതെ വല്ലേടം
വിതറും വെൺ കതിൎക്കണം
വാശദം കാത്തു തൽ "കാവ്യ"
വിവൃദ്ധിക്കായയയ്ക്കുവിൻ. ൨

ഒന്നായരിയ കൈലാസ-
ക്കുന്നായവ വിളങ്ങുകിൽ
പിന്നാരെതിരു നിങ്ങൾക്കു?
ചന്ദ്രാദികളധഃകൃതർ. ൩

വിണ്ണിലങ്ങിങ്ങു വേർപെട്ടീ-
വിധംനിങ്ങൾ മിനുങ്ങുകിൽ
വിമലാഭങ്ങളെന്നാലും
വിലവയ്ക്കില്ല മാനുഷർ. ൪

അഭിരാമങ്ങളൈക്യത്തി-
നഭിവാഞ്ഛിച്ചിടായ്കയാൽ
ബഹുക്കൾ നിങ്ങളെന്നാലും
ബദ്ധരാവൂ പകൽപ്പുകൽ. ൫

---

* "നിൎമ്മല" ശ്രേയഃകാംക്ഷിണിയായ് കേരളനന്ദിനിയിൽ പ്രസിദ്ധപ്പെടുത്തിയതു്.

രക്തബൊാഹ്ഹക്കൾ നീട്ടാറായ്
രവി; രാത്രികഴിഞ്ഞുപോയ്;
രക്ഷിതാവന്യനില്ലാത്മ-
രക്ഷ തേടീട്ടുവിൻ സ്വയം. ൬

ആകാശത്തിന്നലംകാര-
മായിമാത്രം നിരത്ഥകം
ആയുസ്സിന്നെ നയിക്കായ്‌വി-
നാരായ് വിനിതരോൽഗതി. ൭

കരമില്ലാതെയും രാജൽ
കടൽകണ്ണാടി നോക്കിയും
കണ്ണിറുക്കിക്കഴിക്കേണ്ടും
കാലമെന്നേ കഴിഞ്ഞുപോയ്. ൮

നിങ്ങളാളുംവിധം, നിത്യ
നിൎമ്മലത്വം ലഭിക്കുവാൻ
നീളെമോഹിപ്പു, കാലത്തിൻ
നീതികാണ്മോർ പരിഷ്കൃതർ. ൯

ഉററാരാകൎഷണം നിങ്ങൾ-
ക്കുണ്ടുവേണ്ട പരസ്പരം
പടരും പാഴ്പ്പുകച്ചുയ്യു
പരിഹാരം നിനയ്ക്കുവിൻ. ൰

ഏകനന്ദിനി നിങ്ങൾക്കു-
ണ്ടേവക്കും നിത്യനന്ദിനി;
ഓരോ കതിരതിന്മീതിൽ
ഓരോരുത്തർ പൊഴിക്കുവിൻ. ൰൧

# ഒരത്യാഹിതം.

—:*:—

(പാന)

## I

നീളെപ്പെരും കാർപ്പടക്കടലൊഴ്ത്തിടി-
വാൾപ്പയററ റും കാററെന്നിവററയാൽ
വീർപ്പുമുട്ടി വിയർത്തു കുവലയം
വീക്കമൊണ്ടു വിളർച്ചയാൽ വിണ്ടലം.

ദുർഘട വിപരീത വിധിയാകും
ദുസ്സഹ പ്പെരുവെള്ള പ്പിരളിതൻ
ഉല്ക്കടാപൽച്ചുഴലിച്ചുഴിയിലീ-
* കർക്കടകം കടകം മറിഞ്ഞുപോയ്.

നീക്കമെന്യേ നിലംപററെ മിന്നലാം
നാക്കുനീട്ടിക്കരിങ്കാർപ്പിശാചികൾ
ലാക്കിൽ നാലഞ്ചു നാൾചെയ്ത ചെയ്തികൾ
വാക്കിനാകാ വിശദമാക്കീടുവാൻ.

## II

പൊട്ടി പൂർവകുലാചലവൻതല-
ത്തട്ടശേഷം കലങ്ങിമറിഞ്ഞതിൽ,
പട്ടുപാർപ്പവർ പൊന്നും മൃഗങ്ങളും
വിട്ടുമാംസമെല്ലുന്നും മരങ്ങളും

---

*ഫഠൻൻ—കർക്കടകം.

വെട്ട പേക്കാലദൂത പ്രദർശന-
മട്ടിൽ, മാനമടങ്കം, ശിലകളിൽ
മുട്ടിമൂളിയലറി മുരണ്ടു കീ-
ഴെട്ടുപാഞ്ഞതും ആരാരറിഞ്ഞില്ല!!.

III

ഘോരയാകുമീ ദുഷ്കാലയക്ഷിതൻ
ഘോഷയാത്രയിൽ വൻപെഴും പമ്പയാൾ
കോഴവിട്ടു കൊലക്കൊരവാരവ-
ക്കോൾ മുഴക്കി യൊഴുകി കോലാഹലം.

ധൂർത്തയാമവൾ തീരസ്ഥിതങ്ങളാം
മർത്ത്യഗേഹങ്ങൾ പക്ഷഭേദംവിനാ
കുത്തി വാനമിളക്കി വഹിച്ചുകൊ-
ണ്ടർദ്ധരാത്രിയിലയ്യോ ഗമിക്കയായ്.

അപ്പിൽമീതേ കറങ്ങിത്തിരിഞ്ഞുപോ-
മപ്പുരകൾ മീതാർന്ന പൂങ്കോഴികൾ
ക്ഷിപ്രമേഴരയ്ക്കാ "നീററുകൊല"-
യ്യൊപ്പമുച്ചം വിളിച്ചു വിലക്ഷണം.

പട്ടികകളിൽ ഞാന്നുകിടന്നിട്ടും
വീട്ടുടയോർ വിഗതാവലംബരായ്
കൂട്ടിടുംവിളി, കൂലംതകർക്കുമാ-
ക്കൂട്ട നീർപ്പുകിലോശ ഭുജിച്ചുപോയ്.

ഈടെഴും നദി, കീഴ്പ്പതിവിൽ കട-
ന്നീടുകില്ലെന്നു വിശ്വസിച്ചാളുകൾ
നാടുമർത്ഥവുമൊക്കെ വെടിഞ്ഞുട-
നോടിയെങ്ങു മഭയമണഞ്ഞില്ല.

## IV

അന്നിരുട്ടിപ്പുഴവക്കിലുള്ളൊരു
മന്ദിരത്തിലെസ്സാധു വധൂവരർ
കന്യകയാം മകളെ, (൧) യറമുറി
തന്നിലാക്കി വെളിക്കു ശയിക്കയായ്.

(൨)പാട്ടിലാസക്തിയാളുമാ പ്പെൺമണി
  വീട്ടിനുള്ളിലുറങ്ങീ; വെളുപ്പിനേ
(൩)നീട്ടി വാർകൈ വിളക്കിൻതിരിപരം
(൪)മീട്ടി നൽശ്രുതികൂട്ടീ കുതുകമായ്.

ചേലിലാ ശ്രുതിയന്ത്രമിടംകര-
പ്പൂലതകൊണ്ടു ചുററിയണച്ചവൾ
ബാലയാൾ വലംകൈത്തളിരാൽ തുട-
ത്താളമിട്ടു ലയലീനയായിതേ.

## V

നാലുപാടും നടക്കുന്ന ദുർഘട-
മാലുകൾക്കും (൧) മലരിക്കുമൊന്നിനും
നാദസന്തുഷ്ടമാനസയാകുമാ
നാരിയാളോടു പോരാടുവാൻ പണി.

---

(൧) അറകൾക്കു് അടവും കിളരവും ഉള്ളതുകൊണ്ടു് അതിൽ തങ്ങളുടെ ഏകപുത്രിയെ വെള്ളം പെരുകിവരുന്ന ആ രാത്രിയിൽ ശയിപ്പിച്ചു.

(൨) പതിവായി പാട്ടുപഠിക്കുന്ന കുട്ടിയാണു്.

(൩) ഡീററ്സ്' വിളക്കാണു്; ഉറങ്ങാൻകിടന്നപ്പോൾ തിരി അല്പം താഴ്ത്തിയിരുന്നു.

(൪) ഹർമോണിയം അറയിലുണ്ടായിരുന്നു.

(൧) നാലുവശത്തുനിന്നും ജലം ഒന്നിച്ചു തള്ളിമേല്പോട്ടുയരുക.

കൂട്ടമാററിലെ നീററൊലിച്ചീററലും
കൂടിയാട്ടവും കൊട്ടുംകുരവയും
കൂട്ടിമുട്ടലും കൂട്ടം വിളികളും
കൂട്ടിയില്ലവർക്കുൾക്കുഭയമല്പവും.

മിത്രവൃന്ദമമന്ദമകാലദുർ-
മൃത്യുവക്ത്രത്തിലുൾപ്പെട്ടുപോയതും
ചിത്രസപ്തസ്വരപരിശീലന-
കൃത്യസംമഗ്ന, സത്യമറിഞ്ഞില്ല.

## VI

ഒട്ടുനേരംവെളുത്തപ്പൊഴ“അ(വ)ത്തി
മൂട്ടിൽ”(ന)മൂന്നാററുമുക്കിലതിസ്ഫുടം
കേട്ടുലോകരിളകി ഹർമോണിയ-
ക്കട്ടമീട്ടുന്ന കർണ്ണാമൃതസ്വരം.

“പൊട്ടുപാടിവരുന്നു പുര”യെന്നു
കേട്ടുനിന്നവർ “കേളിയടിക്കെ”യാൽ
നാട്ടുകാർ, ഭയവിസ്മയ വിഭ്രമ-
ചേഷ്ടരായിട“രാട്ട”മാടീടിനാർ.

## VII

വെള്ളിമാമല ശൃംഗം കണക്കൊരു
വെള്ളിലാവു മരമതിൻ പിമ്പിലായ്

(വ) അത്തിമൂട=ഇടക്കാലത്തുണ്ടായ പമ്പയുടെ ഒരു ചെറിയ കൈവഴി. ഇതു് പുത്തൻകാവു് എന്ന സ്ഥലത്തുകൂടെ ഒഴുകുന്നു.

(ന) പമ്പ, ഇടനാട ചുററി; പുത്തൻകാവിന്റെ അതിർത്തിയിൽ വച്ചു “അത്തിമൂട്ട”മായി യോജിക്കുന്നു. ആ സ്ഥലമാണു് “മൂന്നാററുമുക്കു്.” ജലപ്പുഷ്ടിക്കമുള്ള കാലത്തു് അത്തിമൂട്ടിൽക്കൂടെയുള്ള വഞ്ചിയാത്ര വലിയ ആപൽകരമാണു്.

തുള്ളിനീക്കളികണ്ടു നികഴ്ന്നൊഴു-
ന്നുള്ളിടുന്നുണ്ടുദഗ്ര ഭയംകരം.

വാഹസവൻവലയ വലയിത-
ബാഹു ജാലങ്ങൾ ബാധിതകൂലങ്ങൾ
വാനിലോള മുയർത്തിയാ മന്ദിര-
യാനവേഗത വേഗംവിലക്കിനാൻ.

ദൃഷ്ടസർപ്പ നയന പരിധിയിൽ
പെട്ടു ചേതന വിട്ടോരു ജീവിപോൽ
കഷ്ടമാ വിപൽഗ്രസ്ത ഗൃഹഗതി
മുട്ടിമൂന്നുരു ചുററി ചുഴലിയിൽ.

ക്ഷിപ്രമപ്രതിമാകൃതിയായിടും
അപ്പെരുന്തടിതൻ ചുവട്ടുക്കൊടും
തട്ടിയപ്പുരത്തട്ടു തകർന്നറ-
ക്കെട്ടൊഴുക്കത്തിലാപ്പെട്ടിതാകവേ.

മംഗളസ്വരമാധുരി പെയ്യുകൊ-
ണ്ടിങ്ങുലാവിയ സുന്ദരമന്ദിരം
തുംഗമായ പടപ്പും പതവലും
തൊങ്ങലുമണിഞ്ഞങ്ങലങ്കോലമായ്.

VIII

"പ്രാണനേയും പണയപ്പെടുത്തിയാ-
ത്തോണിയേറിത്തുഴയും സുഹൃന്മണേ!
കാണുവാൻപണി യിന്നിയക്കന്യനെ;
താണുപോയവൾ താരൊളിമേനിയാൾ

ഹാ! മധുമധുരസ്വരേ! സോദരി!
ഹാ! മഹാഭാഗ്യസൌഭാഗ്യവല്ലരി!

ഹാ! കുടുംബസന്താനസംവർദ്ധിനി!
ഹാ! കുശലവിലാസിനി! മോദിനി!

കാലവക്ത്ര മലീമസ ലാലയിൽ
കാലിടഞ്ഞിക്കടകം തെറിച്ചു നീ
കാതരമിഴി! ഹാ! കണ്ണടച്ചുവോ!
ഘാതകൻവിധി വായ്മണ്ണടിച്ചുവോ!!

IX

ഉണ്ടതാ! കരിംചണ്ടി പുരണ്ടൊരു
തണ്ടലർ മണിക്കുമ്പാമലരിമേൽ;
കണ്ടിവാർ കുഴൽചുററി, സ്വരക്ഷയെ
ത്തെണ്ടുകത്രെ തരുണിതൻ കൈയ്പ്പടം.

ഹാ! ഗ്രഹിച്ചുതൽപാണി, തദ്രക്ഷയോ-
ത്താശമിച്ചു യുവധീരനെങ്കിലും
വാമവൃത്തി വിധി, യവക്രന്ത്യമാം
വാതലൊന്നായ് ത്തുറന്നതത്രേ ഫലം.

നീലരത്ന ഫലകമല്ലംബരം;
നീൺചിറയല്ലലവീക്കമൊഴിയിൽ;
നിൽക്ക! മാനുഷ! കേളിപ്രപഞ്ചത്തിൽ
നീ നിനയ്ക്കും നിലാക്കളിരില്ലെടൊ!

രക്തനീർപ്പടഗ്ഗ്രസ്തം വധൂവപു-
സ്സൊററവാർത്തുഴതാൻ വരാഡംബരം
പ്രാണനാശപ്രധാനമിതെന്തു പാഴ്-
പ്പ്രാണിപീഡനം! പഞ്ചമാപാതകം.

കല്മഷമഷി പററാപ്പവിഴമാം
കന്ന്യയാണൊന്നു, മററൊന്നു, മന്നിലെ

മന്ദതയും മലപ്പുമറിയാത്ത
മഞ്ജുളമണിയാം തരുണാഗ്രണി.

ചേർത്തു നിങ്ങളെ യീവിധമൊക്കെയും
തീർത്തു ദുർവിധി ധൂർത്തൻ കൃതാർത്ഥനായ്
കോർത്തു നിങ്ങൾ കരങ്ങൾ, ശവങ്ങളായ്
നീർത്തി-വിന്നടിയെ ഗമിക്കനാം

X

ക്ലുക്മൊന്നുറങ്ങീട്ട മലസന്റെ
കാൽക്കലെത്തുന്ന കല്പദ്രുമഫലം,
നീക്കമില്ലാമരത്തിൻ ചുവട്ടപോയ്
കാക്കവോനില്ലുണക്കിലപോലുമേ.

പുഞ്ചിരിച്ചു പുണർന്നു പൂത്തുമയിൽ
നെഞ്ചിടിച്ചു പൊടിക്കും നിയതിയാൾ
മഞ്ചലിൻ മലർമേലാപ്പു, പൊക്കണ-
സ്സഞ്ചിയാക്കിച്ചു സഞ്ചരിപ്പിക്കവോൾ

എന്തിനെന്നാരറിഞ്ഞു വിധിയുടെ
പന്തികേടുകൾ പാർക്കിലിതൊക്കെയും;
ഹന്ത കാണാം രഹസ്യം; മനുഷ്യന്റെ
ചിന്ത, തത്ര സമർത്ഥയല്ലെത്തുവാൻ.

ധന്യസൌശീല്യരാശേ സഹോദര!
കന്യകേ കമനീയേ സഹോദരി;
ശോകഭാരഹതമിക്ഷിതി, ബുധ-
ലോക ഭാഗാധിവാസമേ ഭാസുരം.

---

# വൃകവിജയം.

(ഒരു വാസ്തവകഥ)

ഒരിക്കൽ മധുവുള്ളേടം
തിരക്കി യൊരുപൂരുഷൻ
നടന്നു തനിയേ ഘോര-
മൃഗങ്ങൾ നിറയും വനേ. ൧

അന്തികത്തിലവൻ കണ്ടാ-
നൊരു മണ്ണളയിൽ സ്വയം
കളിക്കും കാലൂന്നുരാത്ത
രണ്ടു ചെന്നായ്ക്കിടാങ്ങളെ. ൨

അതിമോഹത്തിനാലായാ-
ളവിവേകി യസംശയം
അവയെ ബ്ഭാണ്ഡമാക്കിക്കൊ-
ണ്ടണഞ്ഞാൻ നിജമന്ദിരം. ൩

മധുരദ്രവ്യ മിച്ഛിച്ചു
മലകേറിയ മാനുഷൻ
മടിയിൽച്ചേർത്തു മാനിച്ചു
മറയൻ ദുർവിഷദ്രവം. ൪

ഉപദ്രവമവയ്ക്കൊന്നു-
മുണ്ടാകായ്‌വാനവൻ നിശി
ഒരുകൊച്ചു മുറിയ്ക്കുള്ളി-
ലിട്ടുപൂട്ടി യുറക്കമായ്. ൫

പാതിരാത്രിയടുത്തോരു
നേരമെന്തോ! ഭയങ്കരം!!
വീട്ടിനുള്ളിലുറങ്ങീടും
കൂട്ടരൊന്നായുണർന്നുപോയ് ൬

അക്കിടാങ്ങൾക്കു കേൾപ്പോരു-
ണ്ടൊത്തവിക്രമമുള്ളവർ
അവിവേകിത കാട്ടില്ലാ-
യെന്നാപ്പാവം തപിക്കയായ്. ൭

കടിച്ചു ദ്രോഹം കണ്ടിച്ചു
കരൾത്തോണ്ടും കുലത്തിനെ
തടുപ്പാൻ മാർഗ്ഗമെന്തെന്നു
കിടപ്പിൽത്താൻ നിനയ്ക്കയായ്. ൮

അവ രണ്ടല്ല നാലല്ല
നൂറല്ലിശ ജന്തുകൾ
അരികൾക്കന്തകർത്താക്ക-
ളതിക്രൂരസ്വഭാവികൾ. ൯

കാൽപിടിപ്പോർക്കു കാലന്മാർ
ബലന്മാരെന്നു കാൺകയാൽ
അവ, മേൽവേണ്ടതെന്തെന്നു
കല്പിച്ചു ബുദ്ധിശാലികൾ. ൧൦

ഉത്തരക്ഷണമുൾക്ഷോഭ-
മൊത്തു നിർദ്ദയജന്തുകൾ
കടന്നു കാലിക്കൂട്ടിൽ, പുൽ-
ക്കാട്ടിൽ തീക്കഷണങ്ങൾപോൽ. ൧൧

കെട്ടുപൊട്ടിച്ചു കൂററന്മാർ
കിലുക്കിക്കണ്ഠകിങ്കിണി
അമറിക്കൊണ്ടു പാഞ്ഞോടി
വാലുയർത്തിപ്പലേവഴി. ൧൨

കറവപ്പയ്യുകൾ കാൽതല്ലി
കഴിഞ്ഞു കടിയേററവ;

കന്നുകുട്ടികളാധിപ്പെ-
ട്ടലച്ചു ദയനീയമായ്. ൧൩

ഉള്ളിടയ്ക്കതിലൊന്നോടി-
യെത്തി യുൽകട കൃത്രിമി
ഒരു കോഴിക്കൂട്ടിളക്കി-
ക്കൂട്ടിച്ചു ഗളകാഹളം. ൧൪

അതി ദുസ്സഹമീമട്ടി-
ലവശല്യങ്ങൾ ചെയ്കയാൽ
വിറയൽപ്പെട്ടെഴുന്നേററു
വീട്ടുകാരൻ ഗിരിപതൽഗതൻ ൧൫

അഴിപ്പൊത്തുവഴിക്കന്തി-
യക്കിടാങ്ങളെ യക്ഷണം
സമുദായത്തെ യേല്പിച്ചു
സമാധാനപ്പെട്ടുത്തിനാൻ. ൧൬

ക്രോധമററമനം, മോഹ-
ക്ഷോഭമററ വിയൽപഥം,
പോക്കളം ഭടനിർമ്മുക്തം,
പോൽ പ്രശാന്തം തദാലയം. ൧൭

ഉദയത്തിലെഴുന്നേററു
ചുററിനോക്കും ഗൃഹാധിപൻ
ദർശിച്ചിതു, കരൾക്കാമ്പിൽ
സ്പർശിക്കുമൊരു സംഭവം. ൧൮

ഊക്കാന്നകടിയാൽ കോൾവായ്
തുളുമ്പി പ്പോന്നുറഞ്ഞെഴും

ചെന്നിണ ച്ചെളിയിൽച്ചത്ത
തൽക്കിടാങ്ങൾ ശയിപ്പതേ. ൧൯

ദുഷ്ടമാനുഷ! നിൻകൈയാൽ
തൊട്ട കട്ടക്കിടാങ്ങളിൽ
ഭ്രഷ്ടുകല്പിച്ചുമുൾത്തുപ്പി-
പ്പെട്ടടങ്ങീലവററകൾ. ൨൦

നീചങ്ങളെന്നു നീചൊൽവു
ചിലജന്തുക്കളെസദയം;
അവ, നിന്നേ നീചനീച-
മെന്നു നിന്ദിപ്പു നിർഭരം. ൨൧

പാർക്കാതെ "നിഖിലത്തേയു-
മാക്കാമടിമ" യെന്നു നീ
ഓർക്കായ്ക; മതിമന്ദിച്ചു
ചേർക്കായ്ക, കനലിൽ കഴൽ. ൨൨

തങ്ങളിൽ കടികൂട്ടുന്ന-
നാട്ടുനായ് വർഗ്ഗമല്ലവ;
അപരർക്കവതൻ മാന-
മപഹാര്യവുമല്ലതാൻ. ൨൩

അനപ്പും വീര്യവുംകൂട്ടും
അണുരക്ത ഞരമ്പുകൾ
അവയ്ക്കുണ്ടതിനാലാക്കം
അടക്കാവല്ലവററയേ. ൨൪

തിരക്കിബ് ഭക്ഷ്യമാവർഗ്ഗം
നിരയ്ക്കെത്തുന്നകാണുകിൽ
ഹരിക്കും തെല്ലകംനൊന്തു
തരിക്കാറുണ്ടുപോൽ സദയം. ൨൫

അടയ്ക്കാപ്രായമക്കായം
അടയ്ക്കാം ആലിലയ്ക്കകം
അതിനുള്ളിലെഴും വീര്യ-
മൊതുങ്ങാ വിശ്വമെന്നുമേ. ൨൩

വരവിദ്യാദി സമ്പത്തിൻ
നിരകൊണ്ടല്ലുശില്പിനാൽ
നര, നിന്നെജ്ജയിക്കുന്നു
പരമാണുക്കൾ ജീവികൾ. ൨൪

പാരടക്കിപ്പതാകശ്രീ
പറപ്പിക്കും പരിഷ്കൃതൻ
പ്രാണരക്ഷാപരൻ, തുച്ഛ-
പ്രാണിയാൽ നീ, പരാജിതൻ. ൨൫

---

## പരാശക്തി.

(കേക.)

പൂരിതാഭമാം തിങ്കൾത്തൂവെള്ളിമകുടവും
ഭൂരിതാരങ്ങളാകും പൂമ്പുള്ളിപ്പടലവും
അണിയുമാകാശമാം നീലനീരാളക്കുട
പിടിച്ചു ഭുവനമാം മംഗളമലർക്കാവിൽ
സർവ്വദാ പരാശക്തിരൂപയായ് കളിയാടും
സർവ്വദേ! നമസ്കാരം നിനക്കു സർവ്വേശ്വരി!

I

കൂർമ്പിച്ച കൊട്ടുമുടിക്കോടികൾ നിരന്നെഴും
വൻപിച്ച ഗിരികളും വളർന്നിരകളാൽ

ജൃംഭിച്ചു കൂത്താടുന്ന വാരിധിക്കൂട്ടങ്ങളും
നിൻപിച്ഛക്കളികൾ തൻ നീരാളത്തിരണകൾ
അവയ്ക്കു നടുവിലാ യൽഭുതാശാസ്ഥകാര-
ക്കരുക്കൾ ഉരവേററുകാളീടും ഘനാച്ഛിസ്സിൽ
കനക്കെക്കൊണ്ടൊന്നൊരു കാശ്യപീതലം തവ
കഴൽച്ചെങ്കതിർചൂട്ടും പൂനീലമണിത്തളം

II

ജനിക്ക വൎദ്ധിക്കുക നശിക്കയെന്നിങ്ങനെ
നിനക്കായതങ്ങളായ് മൂന്നുണ്ടു സങ്കല്പങ്ങൾ;
ആകാംക്ഷാ നിരാശകൾ ക്കാസ്ഥാനങ്ങളാമവ-
യ്ക്കാകാശഭൂപാതാള ഭാഗങ്ങളധീനങ്ങൾ.

III

വാത്യയും കൊള്ളിയാനു മിടിയും പേമാരിയും
ചീൎത്തനീർ പ്രവാഹവും ശീതാതപാദികളും
വാതാദിരോഗങ്ങളും കോപാദി ദോഷങ്ങളും
ഭൂതാധിനാഥേ! ഭവദായുധപ്രഭേദങ്ങൾ.

IV

ഉദയാസ്തമനങ്ങളാകു ന്നൊരാപ്പുകളി-
ട്ടിരുളും വെളിച്ചവു മാകുന്ന ചക്രങ്ങളിൽ,
ഉഴറിയോട്ടംബദ്ധ ജീവകോടികളോട്ടും
ഉലകമുരുട്ടി നീ തള്ളുന്ന തെവിടേക്കോ?

V

താവകവലംതൃക്കൺ പൂമുനപുലമ്പുന്ന
പാവനകൃപാമൃത നദിതൻ കരകളിൽ
പാരിജാതങ്ങളുണ്ടു സുരഭിപ്പൈയ്യുളുണ്ടു
ഭാസുര കളധൌത സൌധങ്ങളുണ്ടേ പാരം.
ഭൂതകാരുണ്യമാന്ന സമചിത്തന്മാർ നിത്യ-
ശീതളഹൃദയന്മാർ നിൻസേവാ നിരതന്മാർ,

നിന്മധുരസസ്തവം നിസ്തുലം പാടിപ്പാടി
ചിന്മയാകൃതേ തത്രസുചിരം സുഖിക്കുന്നു.
കട്ടുത്തകോപത്തിനാൽ കത്തിനീറിടുന്ന നി-
ന്നിടത്തേമിഴിക്കനലാഴിതൻ കയങ്ങളിൽ
പ്രേതകോടികളുണ്ടു, മറുതായ്ക്കൂട്ടമുണ്ടു
വേതാളപാളിയുണ്ടു പേയുമുണ്ടേ പലതരം.
അധർമ്മതല്പന്മാരസത്യനിരതന്മാ-
രപഥസഞ്ചാരികളജ്ഞാതാപരാധികൾ
അവിടമഖിലവുമപശരപ്പെട്ടുഴന്നു
ഭുവനജന്മപ്രദേ! നിസ്തുലമലയുന്നു.

VI

അംബ! നീ നീരാട്ടിനായഴിച്ചു വിതറുന്ന
നിർമ്മല നീലകേശ പാശങ്ങളക്കൂശങ്ങൾ
അശാന്തഭാഗങ്ങളിലാഞ്ഞടിഞ്ഞന്തിയ്ക്കന്ധ-
കാരാന്തരാക്രാന്തമാക്കീടുന്നു ഭൂമണ്ഡലം.

VII

ദേവി! നിൻ തിരുനെററിക്കണിയും തിലകമാം
കേവല വിയന്മണി ബിംബത്തിൻ പ്രകാശത്താൽ
ചിത്രചേതനങ്ങളായ് ബ്രഹ്മാണ്ഡ സമൂഹങ്ങൾ
കർത്തവ്യനിർവഹണ ശക്തങ്ങളായിടുന്നു.

VIII

സൽകലാ വേദശാസ്ത്ര രൂപഭേദങ്ങൾ കൈക്കൊ-
ണ്ടുൽകട പ്രഭങ്ങളായ് ഭുവനങ്ങളിലെല്ലാം
നിൻതങ്കത്തൃക്കാൽ നഖത്തുമുക്താ മരീചികൾ
സന്തത രസാത്മക ബോധനർത്തനം ചെയ്വൂ.

IX

നീ ജഗത്തല്ല; നീയല്ലാതൊരു ജഗത്തില്ല;
നീമഹസ്സല്ല; നീയല്ലാതൊരു മഹസ്സില്ല;

നീ കൎമ്മമല്ല; നീയല്ലാതൊരു കൎമ്മമില്ല;
നീകാണ്മതൊന്നുമല്ല; നീയല്ലാതില്ല കാണ്മാൻ.

X

ഭക്തവത്സലേ! പരമേശ്വരി പരാപരേ!
സത്ത്വതൽപര പരിപാലന പരായണേ!
മുക്തിദായിനി! നിഖിലാത്മരൂപിണി! മുദാ
ശുദ്ധബോധശ്രീ മമ നിത്യം നീവളൎത്തേണം.

---

## മുൾക്കൂട്ടിലെ പൈങ്കിളികളോട്ട്.

മീട്ടിടുന്ന മൃദുവീണ, കാലമാം
വീട്ടിനുള്ളിൽ വിളിപെററ നീതിയാൾ;
കൂട്ടുകൂടുവിനണഞ്ഞു പൈങ്കിളി-
ക്കൂട്ടമേ! കുരൽ തുറന്നു പാടുവിൻ!! ൧

ചൂടുപെട്ടു ചുവർചുററി വട്ടമി-
ട്ടീടുമെത്രദിവസങ്ങ ളിങ്ങനെ?
കൂട്ടുമുൾത്തിറമൊടക്കറുത്ത മുൾ-
ക്കൂട്ട കൊത്തി മറയത്തു തള്ളുവിൻ. ൨

ജ്ഞാനശാലികൾ പുരാണരാഷ്ട്രസം-
താന ലാളന സുഖാഭിലാഷികൾ
മാനനീയർ, മഹനീയ മന്ദിരോ-
ദ്യാന ദേവതകളാക്കി നിങ്ങളെ. ൩

പാടിനിങ്ങൾ മധുരാഗമാല, നീ-
രാടിനിർമ്മല നിലാവിൽ നീണ്ടനാൾ;
കൂടിവിസ്തൃത ശുഭ സ്വാതന്ത്ര്യതാ-
വാടിതന്നിൽ വിഹരിച്ചു വിശ്രുതം. ൪

കാലമായതു കടന്നുപോയലം-
കോലമായഖില മാമലർക്കളും;
മാലണച്ചു, മണിമുല്ല മൂടിയായ്
മാലതീലത മുരട്ടുകമ്പിയായ്. ൫

പൂനിറഞ്ഞ മധുമദ്യമായിളം
പൂനിലാവു പുകയായി കേവലം,
ആനിരത്തലമിരുൾ ത്തുരങ്കമായ്;
ത്തൂനിഴൽത്തഴ നിദാഘജിഹ്വയായ്. ൬

ചെള്ളിഴഞ്ഞു ചെകിളിച്ചു; ചേര, ചെം-
കൊള്ളിമീൻ മിഴിപൊഴിച്ചു; ചൂഴവും
തള്ളിനിന്നിട്ട മയശ്ശലാകകൾ-
ക്കുള്ളിലില്ലിടലനക്കുവാനിടം. ൭

കട്ടുതിന്നികൾ, കശാപ്പുകാർ, കളം-
കെട്ടുവോരൊടികൾ തൊട്ട നിഷ്ഠുരർ
മുട്ടുകെട്ടി മുറകെട്ട കൂട്ടിലീ
മട്ടുനിങ്ങൾ മരവിച്ചു മാഴ്കൊലാ. ൮

പച്ചമെയ്പ്പവിഴ മേന്മ കാത്തുകൊ-
ണ്ടുച്ചലിപ്പിനപദോഷ രീതിയിൽ
ഒച്ചവയ്പ്പിനൊരു മിപ്പിനോമന-
ക്കൊച്ചുണ്ണി ച്ചിറകൊതുക്കി യോങ്ങുവിൻ. ൯

പ്രാണിവർഗ്ഗ നവ ഭാഗ്യലക്ഷ്മിയാം
റാണിയുണ്ടവനു ശീലശാലിനി;
കേണിടായ്‌വിനിമേൽ നിങ്ങൾ; ഭാരതീ-
പാണിഭൂഷകളുണർന്നു പാടുവിൻ.

---

## "ആത്മസാക്ഷിതാൻ ചേർപ്പുതുവൃത്തി."

### (അഥവാ കൈകേയി.)

(കേക.)

രാത്രിപോയ് പകുതിയും; സരയൂനദിമാത്രം
അത്ത്യായതിമാത്രം അലമാറടിക്കുന്നു
അത്ത ചാപല്യനായ മാരുതൻ മരച്ചില്ലി
ച്ചാർത്തുകൾ കുലുക്കി യെന്തൊക്കെയോ പുലമ്പുന്നു ൧

ദേവി കൈകേയി, മണിമാളികമേലേകാന്തം
ആവിലമതി യൊരു പേലവ പല്യങ്കത്തിൽ
കേവലമുറക്കൊഴിഞ്ഞുയിർ ച്ചുട്ടിരുന്നുകൊ-
ണ്ടേവമോതിനാൾ ചിന്താഭാഷയിൽ സുഭാഷിണി ൨

മൽപ്രിയൻ മൃതനായ്പ്പോയ്; രാഘവൻ കാടേറിപ്പോയ്;
അത്ഭുതഭ്രാതൃസ്നേഹി ഭരതൻ മാലേറിപ്പോയ്;
മന്ദബുദ്ധിയായ് മഹാപാപിയാം ഞാനോ? വെറും
നിന്ദ്യമാം നിലയാന്നു നിർണ്ണയം നീണാളേക്കും. ൩

സൂക്ഷ്മദർശ്ശികളല്ല കേവലം പരദോഷ-
വീക്ഷണകുശലന്മാർ പൌരന്മാരധികവും

പാൎത്തല സുഖസ്ഥിതി പാൎത്തു ഞാൻ വൎത്തിക്കയാൽ-
മാത്രമാണവമാന പാത്രമായതു നൂനം. ൪

രാജവീരനെൻപേരിൽ പ്രേമമേറുംപോ;ലതെൻ
വ്യാജദുർവ്യാപാരത്തിൻ പേപ്പരിവേഷം പോലും!!
അല്പമാമൌന്നത്യമെങ്ങവലോകിപ്പൂ ലോകം?
അപ്പൊഴേ പൊടിപ്പുകപ്പോരിനും കണ്ണോടിപ്പൂ. ൫

മുത്തണിവളകളും പൂമ്പട്ടുമണിയുവാൻ
മാത്രമല്ലെന്നെ പ്പഠിപ്പിച്ചതു മമ താതൻ
കന്യകാ ജീവിതത്തിൽ കായവുമലങ്കരി-
ച്ചന്നനേർ നടയല്ല ഞാൻ പഠിച്ചതു മുററും. ൬

ആയുധാഭ്യാസങ്ങളും ആരാജതന്ത്രങ്ങളും
ആയുരാരോഗ്യ വേദാന്താൎത്ഥാഗ്ര്യ ശാസ്ത്രങ്ങളും
ഉൽപതിഷ്ണുവാമച്ഛൻ പഠിപ്പിച്ചയച്ചതു
മൽ പതിക്കുപകാര പ്പെട്ടതോ മമ കുററം? ൭

ഭരണ കാൎയ്യങ്ങളിൽ പിരിയാതൊരു മന്ത്രി-
വരനെപ്പോലെ ഞാനെൻ വരനെ സ്സഹായിച്ചു;
ധരണീധവനതു കാരണമെന്നിൽ പക്ഷെ,
കരുണാലവ മുദിച്ചിരിക്കാം പ്രത്യേകിച്ചും. ൮

രണഭൂമുഖത്തിലു മെന്നുടെ രമണനു
തുണയായിറങ്ങുക പതിവായിരുന്നു ഞാൻ;
പ്രണയാൎത്തിയാലതു ചെയ്തതെന്നത്രേ, മൂഢ-
നണയ പ്പരിഷകൾ വിശങ്കം വ്യാഖ്യാനിച്ചു. ൯

ദാരുണമാകും യുദ്ധരംഗവും, പൈന്തേൻവാണി-
മാരുമായുണ്ടോ ബന്ധം? എന്തസംബന്ധബോധം!!
കാൎയ്യകാരണങ്ങളിൽ കരളോടിക്കാതെക-
ണ്ടോരെയും ശകാരിച്ചു രസിപ്പൂ പാമരന്മാർ. ൬൦

ആഹവശിരസി തൽ സ്യന്ദന ചക്രാക്ഷത്തി-
ലാഹന്ത! മമ കരം ആണിയായ് ക്ഷേപിക്കയാൽ
ഉണ്ടായ ചതവിൻെറ തഴമ്പു, കാരിരുമ്പു-
തണ്ടുപോലിതാ!! കിടപ്പുണ്ടതു മാഞ്ഞീലിന്നും. ൬൧

സേനയേ നയിക്കേണ്ടും തോതൊരു കരംകൊണ്ടു
മാനവേന്ദ്രനു കാട്ടിക്കൊടുത്തു മപരത്താൽ
രഥസംരക്ഷണം ചെയ്തും വ്യഥിതയായിരുന്ന
കഥയാരറിയുന്നു കാൎയ്യമില്ലറിഞ്ഞിട്ടും. ൬൨

തൽകാലം പ്രസാദിച്ചു മൽകാന്തനെനിക്കേകി
സൽകാരമായി രണ്ടുവരങ്ങൾ; അവരണ്ടും
നിഷ്കാമയാകു മെനിക്കാവശ്യ മില്ലെങ്കിലും
ധിക്കാരമുപേക്ഷിപ്പതെന്നോൎത്തു, മൎയ്യാദയാൽ. ൬൩

കാന്തനിൽത്തന്നേ നിലനിൎത്തിയ തത്ത്വാഗ്രഹ-
താന്തയായതിനാലോ ശാന്തയായതിനാലോ
സ്വാന്തസാക്ഷിയില്ലാത്ത മാലോകർ, മരതകം
മാന്തളിരാക്കിത്താഴ്ത്തി നിന്ദിക്കും നിൎല്ലജ്ജജന്മാർ. ൬൪

നന്ദനനുണ്ടായെങ്കി ലെനി, ക്കീരാജ്യത്തിൻെറ
മന്നവനാക്കീടണമവനെ ബ്ഭവാനെന്നായ്
അന്നുഞാനർത്ഥിക്കുവാനായാഞ്ഞതെന്നാശയ-
മന്ദതകൊണ്ടല്ലെന്നു മന്ദന്മാരോൎമ്മിപ്പീല. ൬൫

എന്തുമറെറന്തെങ്കിലും വാങ്ങാഞ്ഞു വരമന്നാൾ?
എന്തതു ചിരകാലമർത്ഥിക്കാതിരിക്കുവാൻ?
എൻത്യാഗശീലത്തിൻെറ ലക്ഷണമാണായതു
ചിന്തചെയ്തീടുന്നവൎക്കറിയാം പറയാതെ. ൧൬

പൃത്ഥ്വി യാർഭരിച്ചതു സുചിരം? ശുഭകീൎത്തി
ഭൎത്താവിനാൎജ്ജിച്ചതാർ? അതുണ്ടതന്വേഷിപ്പാൻ
സ്വാർത്ഥതല്പരത ഞാൻ കണികണ്ടീല; ലോക-
ക്കാൎത്തിയും, പതിക്കപകീൎത്തിയും വരുത്തീലാ. ൧൭

കാട്ടണം കൂറെന്നോട്ടു കൂടുതലായിട്ടെന്നു
ശാഠ്യമിട്ടലട്ടിയിട്ടില്ല ഞാൻ ഭൎത്താവിനെ;
രാട്ടുന്ന ദേവദത്ത പായസമല്ലെന്നാകിൽ
നീട്ടുമോ കൌസല്യയ്ക്കു;? മുമ്പെനിക്കേകീടാതെ. ൧൮

ചീൎത്തൊരു നിരാശതൻ നിഴലെങ്കിലുമന്നു
പാൎത്തവരുണ്ടോ? മമ മുഖരക്തത്തിൽ പോലും
ധൂൎത്തുകൾ ദുരിതത്തിൻ ശകടങ്ങളാണെന്ന-
തോൎത്തിരിപ്പവളത്രേ പാൎക്കിൽ ഞാനന്നുമിന്നും. ൧൯

രാമനുണ്ടറിവെൻെറ മാനസ നൈൎമ്മല്യത്തിൽ;
ആ മകനുടെ മേന്മ യറിയാം ഈയുള്ളോൎക്കും;
പെററതു കൌസല്യതാനെങ്കിലും വളൎത്തുവാ-
നുററവളായ് നിന്നവൾ മുററുമീ ഞാനാകുന്നു. ൨൦

നല്ലവസ്തുക്കളവനെനിക്കു നൽകാതെ, നൽ
കില്ല മററാൎക്കുമെന്നു മററുള്ളോർ ചൊല്ലും;പക്ഷേ,
എന്തുകൊണ്ടതു സംഭവിപ്പതെന്നാലോചിപ്പാൻ
പന്തികേടന്വേഷിക്കും പാഴൎക്കില്ലവസരം. ൨൧

പൂർവ്വദക്ഷിണ ഭാഗങ്ങളിലേ വനങ്ങളിൽ
പൂർവ്വദേവന്മാർ നിത്യ ഭൂതലോപദ്രവികൾ
നടപ്പു കുടിമൂത്തു; തൽകുലപ്പെരുംകൊല
നടത്തി വരുവാനാണയച്ചതാ രാമനെ. ൨൧

വിക്രമിയവനതിനാളെന്നു, ജന്മകാല
സുഗ്രഹശുഭസ്ഥിതി സൂക്ഷിച്ചു ധരിച്ചുഞാൻ,
താടകാവധാദികൾ കണ്ടതുമുതലരി-
പാടനപടുവെന്നു പണ്ടേതിലുറപ്പായി. ൨൨

അഭിമാനമററരണ്യാടനം ചെയ്വാനവൻ
അഭിഷിക്തനായെങ്കിലുണ്ടാവില്ലവസരം;
അതിനാലത്രേ നൃപനോടു ഞാനിടംതിരി-
ഞ്ഞതി സാമർത്ഥ്യമാമ്മാറഖിലം മുടക്കിച്ചു. ൨൩

ഈരേഴുവർഷം വനവാസത്തിനവധി ഞാ-
നോരാതെ കല്പിച്ചതല്ലോർമ്മയില്ലൊരുത്തർക്കും;
അയതിനിടയ്ക്കവനാനിശാടരെ വധി-
ച്ചായത ഭുജബലനെത്തുമെന്നൂഹിച്ചു ഞാൻ. ൨൪

കഴിയാ, കാര്യം നേരേപറകിൽ, പുത്രസ്നേഹ
പ്പുഴയിൽ നീരാടുന്നനൃപനെ ബ്ബോധിപ്പിപ്പാൻ;
പഴികിട്ടുകിലതി ലഴലുണ്ടെന്നാകിലും
വഴിവിട്ടലകുഴലുന്നതു സഹിയാ ഞാൻ. ൨൫

സത്യത്തെപ്പഴിപറഞ്ഞല്ലാതെ പൃഥ്വീന്ദ്ര-
ചിത്തത്തെ വശംഗതമാക്കുവാനാകായ്കയാൽ
കൃത്രിമമായി, പ്രജാതാപസ പരിപാല-
നാർത്ഥമീ പ്പുരാവർത്തനത്തിൽ ഞാൻ പാദമൂന്നി. ൨൬

ചെങ്കോലു ഭരതനേററീടുമോ കടന്നെന്ന
ശങ്കയാൽ കരളൊന്നു കാഞ്ഞിരുന്നിതു മുന്നം;
തങ്കമായവൻകാട്ടി തൻേറടം; മമ രക്ത-
ത്തിങ്കലാണവനുടെ മെയ് തുകച്ചതു ദൈവം. ൨൫

എന്തിനാർ കേൾപ്പാനിനിപ്പറവൂ പരമാർത്ഥം
ഹന്തകാലമേ! നീതാൻ നിത്യകമ്മൈകസാക്ഷി;
അന്തരമില്ല, നിനക്കാകുമെൻ പരിശുദ്ധ-
ചിന്തകളൊരിക്കലീ ലോകത്തെ യറിയിക്കാൻ. ൨൬

സർവ്വദുർഗ്ഗുണങ്ങൾക്കും സർവ്വഥാ ചേരുന്നൊരു
പർയ്യായപദമായി പ്പാരിലെന്നഭിധാനം
തീരുമായിരിക്കുമെന്നാകിലും പരിതാപം
തീരെയില്ലെനിക്കാത്മസാക്ഷിതാൻ ചേർപ്പൂതൃപ്തി. ൨൭

---

## മൃഗമല്ലമൃഗം.

—:*:—

(ഗാഥാരീതി)

I

ജ്ഞാനപ്രബുദ്ധരായ് വിശ്രമടക്കുന്ന
മാനുഷന്മാരിൽ കവിഞ്ഞതായി,

ഏതോ വിചാര വിദൂരമായുള്ളോരു
ചേതോവികാര വിപാകശക്തി,

ക്രൂരതക്കൂടുന്ന ജന്തുകുലങ്ങളിൽ
കൂടുതൽ കാണുന്നുണ്ടെത്രയല്ല,

സീമയില്ലാതെകണ്ടായതവററതൻ
സ്ത്രീജാതിതന്നിൽ മികച്ചുകാൺമു.

II

നക്രത്തിൻ മൂദ്ധാവിലുൽകൃഷ്ട കസ്തൂരി;
സപ്പത്താൻ മാലേയ ഭൂരുഹത്തിൽ
ചക്ഷുശ്രുവണന്നിൽ മാണിക്കരത്നം സം-
ക്ഷുബ്ധഹൃദയത്തിൽ ക്ഷിപ്രകോപം
ഏതേതിലെന്തെല്ലാ മീശ്വരസങ്കല്പ-
ഭേദങ്ങളുണ്ടെന്നതാരറിഞ്ഞു?
ലോകൈകശില്പിതൻ ശില്പമഹത്വമാ-
ലോകിപ്പവക്കെന്തിനന്യമുക്തി.

III

"പാപ്പനി" യെന്നൊരു പാറ കിഴക്കുണ്ടു
വാഴ്പുപെരുത്തതു പണ്ടുപണ്ടേ.
ആരണ്യദേവി നിവത്തിട്ട വൻകരിം-
കാറണിക്കുന്തള മെന്നപോലെ,
പാരം കറുത്തങ്ങു നീണ്ടു കിടക്കുമാ-
പ്പാറതൻ താഴ്വരച്ചുററിലെങ്ങും
ദുഷ്ടമൃഗങ്ങരം വസിക്കുന്നിതിന്നും വൻ
ദുർഗ്ഗത്തെക്കാക്കും ചമൂക്കരംപോലെ.
ആയാസപ്പെട്ടു മപകടപ്പെട്ടും പോയ്
നായാടാറുണ്ടങ്ങു നായകന്മാർ
അപൽ പ്രധാനമ ദ്രിക്കിലേക്കേകനാ-
യാരും ഗമിക്കയില്ലെന്നിരിക്കെ,

ഹിംസാ പരിചയത്താലും ചിരാടവീ-
സഞ്ചാരശീല കലവിയാലും
വൻചതിക്കൂട്ടം വെടിക്കുഴലുമായി
സഞ്ചിതധൈര്യനൊരാൾ നടന്നു.

IV

തക്കവും തായവും നോക്കിപ്പതുക്കെയാ-
മുഷ്ക്കരൻ പാറച്ചുരുവിലൂടെ
പോകവേ പാരം "മുറുമുറു" നെന്നൊരു
ഭൂരവം കേൾക്കായി തൊട്ടദൂരെ.
ശത്രുവിൻ പോർവിളികേട്ട ചിനപ്പെട്ടൊ-
രുത്തമ യോദ്ധാവിനൊപ്പമായി
വീർപ്പുംകലർന്നും കരുതലിയന്നുമാ-
ധീരനൊതുങ്ങി നടക്കമപ്പോൾ

V

കണ്ടാനൊരു പെരും ചെമ്പൻകടുവായെ
കണ്ടാൻ കൃതാന്തകല യാണ്ടാനെ.
കണ്ടാൻ കരി"ങ്കാല.ചക്ര"വരയനെ
കണ്ടാൽ കരളുപൊളിപ്പവനെ
കണ്ടാൻ കരിവായ്ക്കടകളണിവോനെ
കണ്ടാൽ ഭയപ്പെട്ടും കണ്ടകനെ
കണ്ടാൻ പ്രണയിനീപുത്ര സമേതനെ
കണ്ടാൻ പ്രകോപത്തീ പാറുവോനെ
കണ്ടാൻ കമിഴ്ന്നുകിടന്നുകൊണ്ടെല്ലിൻെറ
കണ്ടം കരണ്ടു പറിപ്പവനെ.

VI

ചുററിവിറയ്ക്കുന്ന വാലി ലവൻമകൻ
പററി "പ്ലുതുപതെ" മാന്തുകയും
ചുററും കുതിച്ചു മറിഞ്ഞുകളിക്കയും
ചെററു കയക്കയും ചെയ്തീടുന്നു.

VII

പ്രാണഭയംവിട്ട പാപി വെടിക്കാരൻ
പ്രാണികൾതൻകുല പ്രാണശത്രു
ഉന്നം പിടിച്ചാക്കടുവാ തലവൻെറ
കന്നം കലക്കി മലത്തി വേഗം
എന്തെന്നറിയാതെ ചാടിക്കുതിച്ചേറെ-
സ്സംഭ്രാന്തനായി തിരിഞ്ഞുനോക്കും
കുട്ടിക്കടുവായും കഷ്ടം വെടിയേററു
പെട്ടെന്നു മണ്ണിൽ മലന്നുവീണു.
പ്രാണ പ്രയാണ പ്രയാസം പെടുന്നൊരാ-
പ്രാണികൾ പാഞ്ഞു പിണംമറിഞ്ഞും
ഊററമായേററ മലറിയും ജീവൻെറ
നീററൽനിലച്ചു നിലംപതിച്ചു;

VIII

പ്രേയാനും പുത്രനും ചത്തതുമൂലമുൾ
പേ പിടിപെട്ടൊരു പെൺകടുവാ
നിഷ്കൃതിചെയ്യുന്ന നിത്യകുലശീല-
നിർഭരശക്തി പരം നിലച്ചും,

ആക്കമെകന്ന മതിവിഷഗർഭമാം
നാക്കൊരു നാൽവിരൽ തള്ളിയുമേ
മന്ദംനടന്നിതാപ്പാറതൻ താഴ്വര-
തന്നിലേക്കാത്മ പരിത്യാഗിനി.

IX

നഷ്ടോപപാദാനനാ നിഷ്ഠുരൻ ഭീതനായ്
മുട്ടൻ മരമൊന്നിൽ പാഞ്ഞുകേറി
നോക്കവേ, വീണ്ടുമപ്പെൺകടുവായുടെ
വീക്കവും വിങ്ങലും കേൾക്കമാറായ്
പെട്ടെന്നവൾവന്നു പുത്രശവമൊരു-
മട്ടിൽ കടിച്ചു വലിച്ചിഴച്ചു,
പ്രാണപ്രിയൻെറ പിണത്തിന്നടുത്താക്കി
ക്ഷീണിച്ചു തത്ര ശയിച്ചിതല്പം
വീണ്ടുമെഴുന്നേററു പാറപ്പുറത്തൊരു
രണ്ടുനാലാവൎത്തി മണ്ടിതല്ലി
ത്തേുശവത്തിൻ തുടമേൽ നിന്നമ്മൈട്ട-
പത്തുകഷണം കടിച്ചുതിന്നു
പോയതു കണ്ടാക്കരിങ്കരൾ ക്കാരനും
പോയിതു പാദപംവിട്ടു വേഗം
പോരും പറഞ്ഞതു വാസ്തവവൃത്തമി-
തോരുവോരൊക്കെ മനമലിവോർ.

— —

# പ്രകാശസങ്കീൎത്തനം.

(കേക.)

I.

ഉദയമാകും ദിനമുഖത്തിൽ നിന്നുപാഞ്ഞു
വിപുലാസ്തമയമാം പാദത്തിൽ പതിച്ചീടും
കിരണമകരന്ദ തരംഗ പൂരങ്ങളെ!
ഭുവനത്രയ പരിത്രാണ ദീപികകളേ!
ഏതു സുപ്രഭാ ഭണ്ഡാരത്തിൽ നിന്നാഗമിപ്പ-
തേതിലോ നിങ്ങൾ സന്ധ്യാവേളയി ലൊതുങ്ങുന്നു?
അമഹാ മാൎത്താണ്ഡാഗ്നി മൂൎത്തികളഭിനവ-
സ്ഥൂലകീൎത്തികൾ, നിങ്ങൾ ക്ഷീരപ്രവൃത്തികൾ.

II

വിത്തേശന്റെ വിലപ്പെട്ട പൊൻപെട്ടിയിലും
ഇരപ്പാളികളുടെ പഴം പൊക്കണത്തിലും
ചക്രവൎത്തികളുടെ കനകച്ചെങ്കോലിലും
കന്നാലി മേയ്പ്പോരുടെ തല്ലുകമ്പുകളിലും.
കാവ്യകൎത്തുകളുടെ തൂലികാ ഗ്രങ്ങളിലും
കൎഷകരുടെ കാട്ടുകലപ്പ ത്തടിയിലും
മാറിപ്പോം പുലയൻെറ പൊളിഞ്ഞമാടത്തിലും
മാററെഴും മഹീന്ദ്രൻെറ മണിമാളികമേലും.
ഇന്ദ്രനീലാഭകോലു മാകാശ ദേശത്തിലും
ഇരകൾ കിണ്ടീടുന്ന ചേററു കണ്ടങ്ങളിലും
ഏതിലും, ഉച്ചനീചനില യെന്നിയേനിങ്ങ-
ളെത്തുന്നു സമം; ദിവ്യരായാലാ വിധമല്ലോ.

III

നീണ്ടെഴു മിരുട്ടിൽ നിന്നൂഴിയെ ദ്ദിനംപ്രതി
വീണ്ടെടുക്കുന്നു നിങ്ങൾ ഉലകമുണർത്തുന്നു.
നീതികൾ, നിറപ്പെട്ടും നിങ്ങടെ തിരുമുഖ
നീരജ നിരത്തുകും മരന്ദകണികകൾ.

കർമ്മങ്ങൾ നിങ്ങളുടെ ദാസന്മാർ ഭുവിസർവ്
ശർമ്മങ്ങൾ ശശ്വത്തുകൾ നിങ്ങടെ നിയമങ്ങൾ
നിങ്ങളില്ലെങ്കിലില്ല ലോകവു മാലോകവും
നിങ്ങളില്ലെങ്കിലില്ല താപവും പ്രതാപവും
നിങ്ങളില്ലെങ്കിലില്ല യാതൊന്നും നിരൂപിക്കിൽ;
നിങ്ങളേഗതി, മതി ഞങ്ങളെപ്പുലർത്തുവിൻ!

---

## ഒരു പിശുക്കന്റെ സമ്പാദ്യം.

---

പൂർവ്വാദ്രി മൂർദ്ധാവു പുണർന്നിതന്നും
പൂഷാവു പുഷ്യൽ ഭുവന പ്രദീപം;
മുഴങ്ങിയപ്പള്ളി മുകപ്പിൽ, മുററും
മുരണ്ട ഘണ്ടാ ഘനനാദപൂരം.

അങ്ങിങ്ങുഴന്നോടി നടന്നിടുന്നു-
ണ്ടാനവ്യ ദേവാലയ രക്ഷാവർഗ്ഗം;
അഹ്ലാദ സംസൂചകമല്ല നാദ-
മതെന്നുരപ്പൂ പരിതഃ സ്വഭാവം.

നിറഞ്ഞിതങ്ങാ നിമിഷത്തിലെന്നാൽ
നിശ്ശബ്ദരായ്ത്താൻ നിലകൊൾവുപൌരർ;

അവക്കു മദ്ധ്യത്തിലൊരാൾ കിടപ്പു-
ണ്ടജ്ഞാത വൃത്താന്തനചഞ്ചലാംഗൻ. ൩

പരസ്പരം ഭാവവികാരവൃത്ത്യാ;
പകർന്നിടുന്നൂ ചിലരാശയങ്ങൾ
തുറിച്ചുനോക്കി ച്ചിലർ പാവപോലെ
തുഷ്ണീകരായ് നിന്നനിലയ്ക്കുനിൽപൂ. ൪

"ഇതെന്തുകാൺമൂ വദനത്തി"ലെന്നു
ഭഞ്ജിച്ചു മൌനത്തെ യുവാവൊരുത്തൻ
ഉൽകണ്ഠപൂണ്ടേവരുമൊററ വീർപ്പി-
ന്നുടൻ നയിച്ചാർ നയനങ്ങൾ തത്ര. ൫

നിശ്ചേഷ്ടനാ യത്തറമേൽ നിവർന്നു
കിടക്കുവോൻ തൻമുഖവിള്ളിൽ നിന്നും
ഏതാണ്ടര ച്ചാണളവാർന്നു തുല്യം
തൂങ്ങുന്നു തുമ്പിൽ തുടുകൊണ്ടയോടും. ൬

അവൻെറ ജന്മക്ഷിതിയേ തറിഞ്ഞതി
ല്ലവന്നു മിത്രങ്ങളു മില്ല വീടും;
അവശ്യ ഭിക്ഷാടന മൊന്നുമാത്ര-
മവന്നു നിത്യത്തൊഴിലായിരുന്നു. ൭

ഉറങ്ങു കല്ലാജ്ജരഠൻ; കുടിച്ചു
മറിഞ്ഞു തുമ്പററു കിടക്കയല്ല,
കാശിന്നു കൈയ് നീട്ടുകയില്ല മേലാ-
ലവൻ നിവൃത്താ ഖിലകാമനിപ്പോൾ. ൮

അടുത്തൊരാള ച്ചുരടിൻെറ തുമ്പിൽ
പിടിച്ചിഴത്താ നിരുകൈയ്യാലും കൊണ്ടും
അതാ ഞെരുങ്ങീട്ടൊരു ചീഞ്ഞകൊച്ചു-
പഴേ മടിശ്ശീല പുറത്തിറങ്ങി. ൯

കഷ്ടിച്ചൊരാളക്കിഴി കെട്ടഴിച്ചു
തട്ടിക്കുടഞ്ഞാൻ തറയിൽ തദാനീം
സത്യത്തിലില്ലായ തിലത്ര മാത്രം
കൃത്തിക്കുവാൻ; മൂന്നു മുഴുപ്പവൻതാൻ. ൧൦

ഈ മൂന്നു മഞ്ഞക്കഷണത്തിനായ്ത്താ-
നിന്നോളമീ യാളുടലാണ്ടുഴന്നു,
ഇതോടുകൂടി പ്പരലോക യാത്ര
യ്ക്കിവൻ ശ്രമിച്ചാനിതിലാക്കു ചോദ്യം? ൧൧

കഴിഞ്ഞ രാപ്പാതിയി ലാത്തടുത്താൻ
കാലൻ കലാപത്തിനിവൻെറ നേരെ;
കൈയ്ക്കൂലി വാങ്ങില്ലവ രാരുമൊററ-
ക്കാശിന്നി യാളും കണിശ ക്കുഴമ്പൻ. ൧൨

കനിഞ്ഞു വിട്ടീടുക യില്ലകാലൻ,
കലാശമാ മെന്നറിവാന്ന മൂലം
പാത്തില്ല പിന്നീടര മാത്രതാന-
പ്പാടേ പണസ്സഞ്ചി മിഴുങ്ങി വിദ്വാൻ. ൧൩

താനെത്രനാളും കൊണ്ടതു സംഭരിച്ചു!
താനെത്രനാളും കണ്ടതു സംസുഖിച്ചു!
നഷ്ടം പഴിപ്പോക്കിതി ലെന്തുപാത്താൽ
നട്ടെല്ലു നൊന്തോനവനാണ് പിറന്നോൻ. ൧൪

താനോ കടന്നക്കിഴിയേ മിഴുങ്ങി?
തന്നെക്കടന്ന ക്കിഴിയോ മിഴുങ്ങി?
തക്കിപ്പതെന്തിന്നിതിൽ നാമിടമ്പി
ത്തള്ളുന്നതൽ കണ്ണുകൾ താൻ പ്രമാണം. ൧൭

പട്ടുതവമോട്ട പൌരരിക്കഥ പഠിപ്പിനപ്പൊന്നുത്തു-
ട്ടുക്കിയൊരു ജാളികയ്ക്കുക മരയ്ക്കു തൂക്കീട്ടുവിൻ
കൊട്ടക്കരുത്തു വേണ്ടതിന്നതിലൊ രെണ്ണമെന്നാൽനമു-
ക്കൊട്ടക്കമൊരു കോമ്പലായതു കൊരുത്തുശാപ്പിട്ടിടാം. ൧൮

---

## പടിക്കലെതമ്പ്രാക്കളും
## പാവംപിടിച്ച പുലയിയും

### അഥവാ അയിത്തം.

(കേക)

തൻകര പ്രകരത്താലന്നുമന്തിയിലിനൻ
കുങ്കുമപ്പൊടി കലക്കീ കടലലകളിൽ
അച്ചോപ്പുനീർത്തുള്ളികൾ തെറിക്കകൊണ്ടാം കിഴ-
ക്കുച്ചലിതങ്ങൾ തരുദളങ്ങൾ തങ്കങ്ങളായ്. ൧

പ്രാപിച്ചു പരലോകം പകലോൻ; പാരിൽ,പക്ഷേ,
വ്യാപിച്ചീലിരുൾ തചര്റീശേഷിച്ചീട്ടുകയാലെ;
അന്തരിക്കിലും മഹാത്മക്കൾ, തൽകർമ്മപ്രഭാ-
സന്തതി ചിരമൂഴിക്കുൺമയേററുന്നു പരം. ൨

പ്രസ്പഷ്ടമതാകാൺമൂ കേരളജാതിപ്പേരതൻ
ദുഃസ്വദ്ധാമുഖം പോലെ മുരടിച്ചൊരുദേശം
നേത്തതാമൊരു പാതകിടപ്പുണ്ടത്രെ നീണ്ടു
കൂത്ത മുൾത്തുടൽവള്ളി ത്തുമ്പുകൾചുംബിപ്പതായ്. ൯

ആവഴിമേലുണ്ടതി ദൂരത്തായ്, ദുരിതത്തിൻ
വേവൽപെററൊരു ദീനരോദന മുയരുന്നു
"അവോ" യെന്നതിസൂക്ഷ്മകളമാമശ്രുബിന്ദുത്തി-
നാവോ! ഞാൻ, പൊരുളെന്തെന്നാദ്യമായറിഞ്ഞീല. ൰

കേൾക്കായി തദാ "ഹോ" എന്നുള്ളൊരുൽകടധ്വാനം
ധിക്കാര സമ്രാട്ടിൻെറ കാഹളാരവം പോലെ;
എന്തിതെങ്ങുനിന്നൊന്നു മറിയാഞ്ഞല്പം നേരം
ഹന്തഞാൻ മുന്നംപിന്നും നോക്കിനേൻ വീണ്ടുംവീണ്ടും
൰൧

കണ്ടുതച്ശബ്ദദ്വേജനകങ്ങളാം രണ്ടു-
കണ്ഠങ്ങൾ ഞാനക്ഷണമങ്ങിങ്ങായ് വഴിമധ്യേ;
ഹാ! വിധിക്കരങ്ങിൻെറ കൊഞ്ഞനം! അസൂയാദു-
രാവിതൻ ചുട്ടവീക്കം!! അക്കിതുകാണ്മാനാകും. ൰൨

ഒന്നൊരു ചെറുമിയാണൊന്നൊരു തമ്പ്രാക്കളാ
ണൊന്നുമില്ലിവർതമ്മിൽ ബാഹ്യമായുള്ളോ സാമ്യം;
കുഴിഞ്ഞൂ ചിലഭാഗം; കുന്നായിമൺവീണിടം;
കുഴികൂരിരുളാണ്ടു; കുന്നുതുവൊളിപൂണ്ടു. ൰൩

പെരുമീൻവെട്ടംകണ്ടു വെളിയിൽപോയൊ"ളെരി-
പൊരി"യാണ്ടന്തിച്ചേക്കയ്ക്കിരയും ചുമ്മിപ്പോവോൾ;
ഇവൾതൻവയർ കുളംതോണ്ടിത്താനിത്തമ്പ്രാക്ക-
ളുവർകളാത്മോദര ഗോപുരംപണിതീർത്തു. ൰൪

കയറുന്നിതു മുഴമുൾക്കാട്ടി ലടിമത്ത-
ക്കയറാൽ വിധിരക്ഷസ്സിഴുക്കും വിധമവൾ;
അടിവയ്പീല മുന്നോട്ടെന്നിട്ടുമറുപത്തെ-
ട്ടടിയാകാഞ്ഞിട്ടായാളാശൌച ദോഷാശങ്കി. ൯

ചെയ്യാനാമിഹശാപം അവൾതൻ ശുഷ്കങ്ങളാം
മെയ്‌വാരിയെല്ലുമ്പുകൾ ജൃംഭിപ്പൂ ജടിലങ്ങൾ;
അല്ലെങ്കിലളമുട്ടി മേലാരോടൊരു ചെറു-
മല്ലെങ്കിലതിന്നവ മല്പ്പടിച്ചുട്ടുക്കയാം. ൧൦

മുറിഞ്ഞു മുരല്പ്പടി വടിയും നിണംകണ്ടു
നിറഞ്ഞീ ലറിയേണ്ടതറിഞ്ഞീ ലിന്നോളംനീ
തിരിഞ്ഞുതിന്നീട്ടുമി ത്തീനാമ്പു നിന്നെത്തന്നെ;
യെരിഞ്ഞുതീരാറായി തൽപാപപടല്ലേടോ! ൧൧

മഞ്ചത്തിലിരുന്നെത്രകാലംനീ കമിഴ്ന്നന്തി
ത്തുഞ്ചത്തെക്കിളിയുടെ ഗളകാകളീശൈലി
തഞ്ചത്തിലതിന്നേഴും തയ്യൂതിരൊന്നെങ്കിലും
നെഞ്ചത്തിലേറീല, നിൻകോയ്മത്തമതിചിത്രം. ൧൨

തിന്മാനായ് പ്പതിരവലുമ്മാനാ യുണക്കൽവ-
ററമ്മീനെ വിളികൂട്ടി യമ്മാടപ്പടിവക്കിൽ
പാക്കുന്നു ചെറുമക്കളെന്തിക്കിണ്ടയിത്തമാം
തീക്കണ്ടിലുരുളുന്ന താന്തയായ് തൻതള്ളയാൾ. ൧൩

വായ്പ്പോൾവാ നൊരുങ്ങരുതംബുധേ! നീകേരളം;
തീക്കട്ടക്കെറിയുവാനായരുതാകാശമേ!
ഉച്ഛ്വസിക്കൊലാഭവാൻ ഭഗവൻ! വായോ സാധു—
നിശ്വാസകലുഷിതങ്ങൾ ഭവദന്തന്നാളങ്ങൾ; ൧൪

കേട്ടുപോയിടിയെങ്കിൽ "മാനത്തെമല്യമ്പിരാൻ"
പൂട്ടറത്തുറക്കുന്ന പൂരമെന്നറിവോറ്റംനീ
ശാസ്ത്രീയമല്ലെങ്കിലെന്താവിധം നിനക്കുള്ളോ-
രാസ്തിക്യമാലോചിക്കിൽ പണ്ഡിതർ പാഷണ്ഡന്മാർ. ൧൭

അമൃതാംഭസ്സിൽ കുളിച്ചഞ്ജനക്കുറിയിട്ടു
സുമമാല്യവും ചൂടിസ്സുന്ദരി ചമയാത്തോറ്റം,
കൺമുനക്കൈയ്ച്ചൂണ്ടലിൽ പാഴ്മിരട്ടിരകോത്തു
ദുഷ്മോഹപ്പുഴയിൽപ്പുക്കയിർമീൻ പിടിയാത്തോറ്റം. ൧൮

അർത്ഥകാപ്തിക്കായ് ത്തനതാണാളൊടണയുവോറ്റം
അല്ലലബ്ധിയാലതിതൃപ്തയായ് ജീവിക്കുവോറ്റം
അന്യാത്ഥം പ്രവത്തിപ്പോളന്യരാലഴലേറ്റപ്പോറ്റം,
അനപാറംപ്രയത്നിപ്പോളമ്മാത്രമശിക്കുവോറ്റം, ൧൯

നീചയല്ലെടോ ദ്ധ്രുവം നീനിത്യ തപോധനേ!
നീചരാം നീചിന്തുന്ന വെപ്പുണ്ടു നികളിപ്പോർ
വെട്ടുവാനോങ്ങുന്നിതു നീതി, നിൻവിലങ്ങാവാറ്റം
വെട്ടമാണക്കാൺമതു; പോരികതമ്പ്രാക്കൾപോയ്. ൨൦

## ഇന്ത്യാസമുദ്രം.

ആരാലുമേററം ശ്രമഗമ്യമായ് ദു-
വ്വാരാഭമായ് പ്പാരമസീമമായി
ആരാൽ വിളങ്ങുന്ന നിതാന്തമിന്ത്യാ-
വാരാശി ശശ്വൽ പ്രണവപ്രമാണം. ൧

ധൂത്താന്നപാരം നിജമൂത്തി മുററും
നീത്താപ ധൂമവ്യഥ ചേക്കമൂലം

ഛീൎത്താശ്രു യാതൊന്നു ദിനാന്തകാലേ
മാൎത്താണ്ഡബിംബം കബളീകരിപ്പൂ.! ൨

മുട്ടാതെകണ്ടിന്ദ്യ ഞൊറിഞ്ഞ പച്ച-
പ്പട്ടാട പാർ മെയ്യിലണിഞ്ഞപോലെ
മട്ടാൎന്നുരുണ്ടേറുമിളം തരംഗ-
ത്തിട്ടാൎന്നു യാതൊന്നു വിളങ്ങിടുന്നു? ൩

സ്ഥൂലാസിതശ്വേത പയോദ മാലാ
ലീലാപദേശാലകൃശാഭമെന്നും
ശ്രീലാഗ്രിമ ക്ഷ്മാമണി മഞ്ചലിൻ വാർ
മേലാപ്പിൽ വൎണ്ണപ്പണി ചെയ്വതേതോ! ൪

തൂമേന്മ തൂവും കുളിർ കുങ്കുമാന്തി
പ്പൂമേഘജാലം പുലരുന്നകാലം
നാമേതിലെന്നും നലമേററമേലും
ശ്രീമേരുശൃംഗക്കളി കണ്ടിടുന്നു.? ൫

ക്ഷ്മാ നിസ്തുല ക്ഷോഭമടിച്ചുടയ്ക്കാൻ
മാനിച്ചിട്ടുകൈ പ്ഫലിയായ്തമൂലം
ഹാ നിത്യലജ്ജാകുലമത്രതന്ന-
ത്താനിട്ടുതല്ലി തല ചായ്പ്പതേതോ.? ൬

അഗ്ര്യപ്രവീചീകപടേന കോടീ-
രാഗ്രഛ്രടാബന്ധമഴിച്ചതാന്തം
ഉഗ്രപ്രതാപത്തൊടടുത്ത ഗംഗോ-
ദഗ്രപ്രവാഹം തടയുന്നതേതോ. ൭

തീരദ്രുവൃന്ദം പരിഹാസഭാവാൽ
ചാരത്തുചെൽവാൻ തലയാട്ടിടുംപോൾ
ദൂരത്തുനിന്നും ക്ഷുഭിതാമിതാഹം-
കാരത്തൊടേതൊന്നലറിക്കുതിപ്പൂ. ൮

ശ്രീധാമമായും ബഹുജീവരാശി-
ക്കാധാരമായും ഹരിതാഭമായും
ബാധാവിഹീനം നിഖിലാധിനാഥ-
പ്രാധാന്യമേതോ കലരുന്നതെന്നും ൯

കൂലൊരുഭാഗാന്തമധഃകരിച്ചും
ആലോകനീയം സ്വയമുല്ലസിച്ചും
ഭൂലോക സൃഷ്ടിക്ഷതികർത്തൃഭാവം
ചേലോടുകാട്ടും ശ്രുതശക്തിയേതോ. ൧൦

അഭ്രാന്തഭാഗാ കലിതാബ്ജകാന്താ-
ദഭ്രായതാഭാതതി യാർന്നിടുമ്പോൾ
ശുഭ്രാമൃതോദ്യദ്രജതൈകവീഥീ-
വിഭ്രാന്തി നമ്മൾക്കരുളുന്നതേതോ. ൧൧

ആത്താഭിരാമം തിരമാലയാകും
പൂത്താലിചാർത്തി പ്പുതുവെണ്ണിലാവിൽ
നീർത്താരണി ത്തുങ്കുളിർ മെയ്കുലുങ്ങെ-
ക്കൂത്താടുമോമൽ ജ്ജലലക്ഷ്മിയേതോ. ൧൨

വ്യോമ പ്രദേശത്തിലുയർന്നുരുമ്മും
ഭീമക്കരിങ്കാർ കുഴലിൻ വഴിക്കായ്
ശ്രീമൽഫലാദ്യൽ സുമനോധനേന്ത്യാ-
രാമംനനയ്ക്കും ജലയന്ത്രമേതോ. ൧൩

ചേലാളുമിക്ഷ്വാരമണിക്ക കല്പ-
കാലാന്ധകാരാന്തര സന്ധിയിങ്കൽ
മേലാകെമൂടി സ്സുഖനിദ്രചെയ്വാൻ
മേലാലിതേകീ നിഖിലൈകനാഥൻ. ൧൪

---